[Mr. C. Narayana Pillai]

ഏകദേശം മുന്നമിനിട്ടുകൂടി കഴിയുമ്പോൾ ഒരു അടിയന്തിരപ്രമേയം ഇടയിടെ വാദപ്രതിവാദംചെയ്യാൻ പോകുന്നുണ്ട്. ഇവിടത്തെ ഈ കടിയിറക്കം പാട്ടംകൊടുത്തിരിക്കുന്ന വസ്തുക്കളിൽനിന്നു ആളുകളെ ഒഴിപ്പിക്കലും ഗവൺമെൻറിനു ഒരു നിയമംമൂലമല്ലാതെ എങ്ങനെ തടയാൻ സാധിക്കും? അതിനു ഗവൺമെൻറിൻെറ ഫണ്ടുകളെ ശക്തമാക്കുന്ന ഒരു നിയമം ഇപ്പോൾ ഗവൺമെൻറിനില്ല. ഒന്നുകിൽ അങ്ങനെ ഒരു നിയമം ഇവിടെ പാസ്സാക്കണം, അല്ലാത്തപക്ഷം മഹാരാജാവുതിരുമനസ്സുകൊണ്ടു ഒരു വിളംബരംമുഖേന ഇതു തടഞ്ഞുകൊണ്ടു ഒരു പ്രഖ്യാപനം ചെയ്യണം. മഹാരാജാവുതിരുമേനി ഒരു വിളംബരം മുഖേന പ്രഖ്യാപനം ചെയ്യുന്ന നിയമങ്ങളെ എപ്പോഴും എതിർത്തിട്ടുള്ളവർക്കു ഇപ്പോഴും അതു സ്വീകരിക്കുവാൻ നിവൃത്തിയില്ല. അതുകൊണ്ടു ഈ നിയമം ഉടനടിതന്നെ സ്വീകരിച്ചു പാസാക്കണമെന്നാണു എൻെറ അഭിപ്രായം.

At this stage the President (the hon'ble Mr. R. V. Thomas) occupied the chair.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ബില്ലിൻെറ തത്വത്തെ അനുകൂലിക്കുന്നു. ഈ ബില്ലിൻെറ അവതരണം ജനകീയ ഗവൺമെൻറിൻെറ കർത്തവ്യത്തെ കാണിക്കുന്നുണ്ടു്. ഈ വിധം ഒരു നിയമം ഇവിടെ എത്രയും അത്യാവശ്യമായിട്ടാണിരിക്കുന്നതു. ഈ തിരുവിതാംകൂർ ജനതയുടെ പൊതുനിലയാണു് നാം വീക്ഷിക്കേണ്ടതു്

ANNOUNCEMENT RE EXTENSION OF THE SITTING OF THE ASSEMBLY

MR. PRESIDENT: ആർഡർ, ആർഡർ. ഈ സമ്മേളനത്തിൽ നടത്തണമെന്നു് ഉദ്ദേശിച്ചിരുന്ന നിയമനിർമ്മാണ ജോലികൾ ധാരാളം ബാക്കികിടക്കുന്നതുകൊണ്ടു് തിങ്കളാഴ്ചയും ചൊവ്വാഴ്ചയുംകൂടി സഭകൂടാൻ തീരുമാനിച്ചിരിക്കുന്നു. ആദിവസങ്ങൾ ഔദ്യോഗിക ചർച്ചകൾക്കായി വിനിയോഗിക്കുന്നതാണു്. ഇപ്പോൾ മണി നാലായിരിക്കുന്നു. അടിയന്തിരപ്രമേയത്തെപ്പറ്റിയുള്ള ചർച്ച ആരംഭിക്കുന്നതാണു്.

DEBATE ON ADJOURNMENT MOTION RE-EVICTION AT MARUTHUR IN NEYYATTINKARA TALUK

MR. T. A. MOIDEEN KUNJU: സർ, ഞാൻ അവതരിപ്പിക്കുന്ന പ്രമേയം ഇതാണു്. "നെയ്യാറ്റിൻകര മരുതൂർഎന്ന സ്ഥലത്തു് ഒ-ടെ-ഫ വ-ൽ ഫ ടെ വീട്ടുകാരെ പോലീസ് സഹായത്തോടുകൂടി കുടിയിറക്കിയതുമൂലം ആവിർഭവിച്ചിരിക്കുന്ന അടിയന്തിരവും പൊതുപ്രാധാന്യവും ഉള്ള വ്യക്തമായ സംഗതികളെപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനായി മറ്റെല്ലാ നടപടിക്രമം മാറ്റിവയ്ക്കണമെന്നു് ഞാൻ ആവശ്യപ്പെടുന്നു."

LIBRARY ARCHIVES Kerala Legislative Assembly

MR. A. NESAMONY : Sir, on a point of order. When an urgent motion is being discussed on a matter relating to Order, is the Hon'ble Minister in charge of Order entitled to leave the House.

MR. PRESIDENT ; He will be returning.

MR. A. NESAMONY : I ask a ruling, Sir, whether the Minister for Order is entitled to quit the House at a time when an Adjournment Motion relating to the Portfolio that he holds is being discussed on the floor of the House.

MR. PRESIDENT : I rule that any Minister is entitled to leave the Hall at any time to return immediately.

MR. T. A. MOIDEEN KUNJU : നെയ്യാറിൻകര നടന്ന ഈ സംഭവം എങ്ങിനെ പൊതുപ്രാധാന്യവും അടിയന്തിരസ്വഭാവവും ഉള്ളതായിതീർന്നു എന്നുള്ളതിന് എന്റെ കയ്യിൽ കിട്ടിയിട്ടുള്ള തെളിവുകൂടി സഭയുടെ മുമ്പാകെ വയ്ക്കാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതു കേവലം ഒരു പ്രാദേശികസംഭവമായി പരിഗണിച്ചാൽ പോരായെന്നാണ് എനിക്കു പ്രത്യേകമായി പറയാനുള്ളതു്. ഇന്നലെ പ്രധാനമന്ത്രി ഈ സഭയിൽ ചെയ്ത പ്രസ്താവനയിൽ ഈ സംഭവം സിവിൽകോർട്ടിലെ ഒരു ഉത്തരവനുസരിച്ചുള്ള നടപടിയാണെന്നും കോർട്ടിന്റെ ആർഡറോടുകൂടിയാണ് ഇതു് നടത്തിയിട്ടുള്ളതെന്നും പ്രസ്താവിക്കയുണ്ടായി. ഇതു സംബന്ധിച്ചുള്ള ഒരു തെറ്റിദ്ധാരണ നീക്കാൻകൂടി ഞാൻ ഈ അവസരത്തിൽ ആഗ്രഹിക്കുന്നു. പ്രധാനമന്ത്രി പ്രസ്താവിച്ചതുപോലെ ഒരു സിവിൽകേസു ഈ സംഭവം നടന്ന സ്ഥലം ഉൾപ്പെടെയുള്ള ഒരു സ്ഥലത്തെക്കുറിച്ച് നടത്തുന്നുണ്ടെന്നുള്ളതു് പരമാർത്ഥമാണ്. കോടതിയുടെ ഉത്തരവനുസരിച്ച് ആ കേസിൽപ്പെട്ട വസ്തുവിൽനിന്നും കുടിയിറക്കുന്നതിന് ഈ 4 വീടുകളിൽ നു എണ്ണമേ ഉൾപ്പെട്ടുകയുള്ളു. ആ കോടതിയുത്തരവിന്റെ മറവിൽ ഈ 4 വീടുകളിൽനിന്നും കുടിയിറക്കുവാൻ ആ ജന്മി മുതിർന്നു എന്നാണ് വിശ്വാസയോഗ്യമായി എനിക്കറിവാൻ കഴിഞ്ഞിട്ടുള്ളതു്. ഇങ്ങനെ ഒരു സംഭവംമാത്രമല്ല ഈ രാജ്യത്തു നടന്നുകൊണ്ടിരിക്കുന്നതും നടന്നിട്ടുള്ളതും. ഇങ്ങനെ നിരവധി സംഭവങ്ങൾ രാജ്യത്തിന്റെ നാനാഭാഗത്തും നടത്തുന്നുണ്ട്. അതിൽ ഒരു സംഭവം മാത്രമേ ഈ അടിയന്തിരപ്രമേയംമൂലം കൊണ്ടുവരണമെന്ന് ഞാൻ ഉദ്ദേശിക്കുന്നുള്ളു. ഇങ്ങനെയുള്ള സംഭവങ്ങൾ നടത്തുന്നതിന് പ്രധാനമായ കാരണം ഈ സഭയിൽ കുടിയിറക്കു നിരോധനബിൽ വരുന്നുണ്ടെന്നുള്ള കേൾവിയാണ്. ആ കേൾവി ഉണ്ടായതോടുകൂടി നമ്മുടെ നാട്ടിലുള്ള ജന്മിമാർ കുടിയിറക്കു ദ്രുതഗതിയിൽ ആരംഭിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. K. CHELLAPPAN PILLAI : ഇന്നലെ ഈ മോഷൻ ഇവിടെ വന്നപ്പോൾതന്നെ അത്ത് സബ് ജൂഡിസ് അല്ലേ എന്ന് ചോദ്യം ഉണ്ടായി. ഇതു സംബന്ധിച്ച് ഒരു പായിന്റ് ആഫ് ആർഡർ ഞാൻ അവശ്യപ്പെടുന്നു. ഈ മാറ്റർ സബ് ജൂഡീസ് ആയതുകൊണ്ട് ഡിസ്കസ് ചെയ്യാൽ അത് കേസിന്റെ അനേഷണത്തെ ബാധിക്കുകയില്ലേ?

MR. PRESIDENT : ഇതേസംബന്ധിച്ച് ഇന്നലെതന്നെ തീരുമാനിച്ചതാണ്. അതുകൊണ്ട് പുതിയ റൂളിംഗിന്റെ ആവശ്യമില്ല.

MR. T. A. MOIDEEN KUNJU : അതുകൊണ്ട് സിവിൽകോർട്ടിലെ ഒരു നടപടി അനുസരിച്ച് ആണെന്നു പറഞ്ഞാൽ അത് ശരിയല്ല. അതിനു പ്രധാനകാരണം ഈ ബില്ല് നിയമം ആകാൻ പോകുന്നു എന്നുള്ള കേഴ്വിയാണ്. ഈ കേഴ്വികൊണ്ട് രാജ്യത്തിൽ അങ്ങോളമിങ്ങോളം ഉള്ള തരുതു 'കുഞ്ഞിത്തൊമ്മൻമാർ' ഇതുപോലെ ഉള്ള നടപടികൾ സ്വീകരിച്ചുതുടങ്ങിയിരിക്കുകയാണ്.

MR. THARIATHU KUNJITHOMMAN : ഞാൻ ആരേയും കുടിയിറക്കിയില്ല. ഇറക്കാൻ വിചാരിക്കുന്നുമില്ല.

MR. T. A. MOIDEEN KUNJU : ഞാൻ ആ വാക്കുകൊണ്ട് ഒരു വ്യക്തിയേയല്ല ഒരു ആശയത്തെ ആണ് വിവക്ഷിക്കുന്നത്.

MR. THARIATHU KUNJITHOMMAN : ഞാൻ ഒരു ആശയമല്ലെന്നും ഒരു വ്യക്തിയാണെന്നും ഇനിയെങ്കിലും മനസ്സിലാക്കിയാൽ കൊള്ളാം.

MR. T. A. MOIDHEEN KUNJU : ഇങ്ങനെ ഈ നാട്ടിലുള്ള വലിയ ജന്മിമാർ അവരുടെ സ്വാർത്ഥലാഭത്തിനുവേണ്ടി പല തകരാറുകളും നാട്ടിൽ ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു. നെയ്യാറിൻകര സംഭവം നാട്ടിന്റെ നാനാഭാഗങ്ങളിലും ആവർത്തിക്കപ്പെടുന്നതായാൽ സമാധാനം നാട്ടിൽ പാലിക്കാൻ ഗവണ്മെൻറ് ആഗ്രഹിച്ചാൽതന്നെ സാധിക്കാതെവരും. എന്റെ അറിവിൽപെട്ടിടത്തോളം കുടിയിറക്കു സംഗതിയിൽ പോലീസ് ഇടപെട്ടക്കുടാ എന്നു ഗവണ്മെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതായി എനിക്കറിയാം. അതിനു വിപരീതമായി കോടതിയുടെ ഉത്തരവനുസരിച്ചു പോലീസ് ജന്മിക്കു കുട്ടനിന്ന് കുടിയിറക്കു നടത്തിവരുന്നു. ഇതു തുടരാനനുവദിച്ചാൽ ഇന്നത്തെ അധികാരികൾ വിചാരിച്ചാലും നിയന്ത്രിക്കാൻപാടില്ലാത്ത ഒരു നിലയിൽ എത്തിച്ചേർന്നേയ്ക്കാവുന്നതാണ്. അങ്ങനെ ഗവണ്മെൻറിനേക്കാൾ കോടതിയെ അനുസരിക്കണമെന്നും നിയമം ഉണ്ടായിരിക്കാം. ഇതു ഒരു പുതിയ നിയമനിർമ്മാണംകൊണ്ടുമാത്രമേ പരിഹരിക്കാൻ സാധിക്കുകയുള്ളൂ. എന്തൊരു ഗവണ്മെൻറാണെങ്കിലും രാജ്യത്തു് സമാധാനം

LIBRARY ARCHIVES Kerala Legislative Assembly

ആഗ്രഹിക്കുമെന്നുള്ളതിൽ രണ്ടുപക്ഷമില്ല. എന്നാൽ സമാധാനം സ്ഥാപിക്കുന്നതു് പട്ടിണിയിൽക്കൂടിയും, അസംതൃപ്തിയിൽക്കൂടിയും ആണോ വേണ്ടതു് എന്നുള്ളതിൽ അഭിപ്രായവ്യത്യാസത്തിനു വകകാണുകയില്ല. വ്യവസായസമാധാനം ഈ രാജ്യത്തു് ആവശ്യമാണെങ്കിൽ അങ്ങനെ ആരെങ്കിലും ആഗ്രഹിക്കുന്നുണ്ടെങ്കിൽ, ഗവണ്മെന്റിനു മുതലാളിയോ, ജന്മിയോ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഈ രാജ്യത്തു് ഉണ്ണാനും ഉടുക്കാനും കിടക്കാനും സൗകര്യമില്ലാത്തവരുടെ പരിതഃസ്ഥിതികൾക്കു് മാറ്റം വരുത്തിയെങ്കിലല്ലാതെ സമാധാനം ഇവിടെയെന്നല്ല, യാതൊരു രാജ്യത്തും ഉണ്ടാകയില്ല എന്നു മനസ്സിലാക്കണം. ഇങ്ങനെ മൗലികമായി വളരെ പ്രാധാന്യമുള്ള ഒരു പ്രശ്നമാണു് നാം ഇന്നു് അഭിമുഖീകരിച്ചിരിക്കുന്നതു് എന്ന ബോധം ഈ സഭയിലെ എല്ലാ അംഗങ്ങൾക്കും ഉണ്ടായിരിക്കണം എന്നാണു് എനിക്കു് പറയാനുള്ളതു്. നെയ്യാറ്റിൻകര നടന്ന കുടിയിറക്കിനെ സംബന്ധിച്ചു് 6 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടു്. അറസ്റ്റ് ചെയ്തിട്ടുള്ളതിൽ ഒരാൾ ഒരു വിദ്യാർത്ഥിയാണു്. അയാളെ സ്റ്റേഷനിൽ കൊണ്ടുചെന്നശേഷം വിട്ടയച്ചതായി കേൾക്കുന്നു. ഈ 6 പേരെ അറസ്റ്റ്ചെയ്യുന്നതിനു് വാറണ്ടുമറും ഇല്ലായിരുന്നു എന്നും അടിയന്തിരാധികാരനിയമം ഉപയോഗിച്ചാണു് 6 പേരേയും അറസ്റ്റ് ചെയ്തതെന്നും അറിയുന്നു. ഇതുപോലെ അമ്പലപ്പുഴ ചേർത്തലതാലൂക്കുകളിൽ ബലം പ്രയോഗിച്ചു് കുടിയിറക്കു നടത്തുന്നുണ്ടു്. അവിടേയും പോലീസ് സഹായത്തോടുകൂടിയാണു് കുടിയിറക്കു നടത്തുന്നതു്. ഈവക കാര്യങ്ങളും ഗൗരവപൂർവ്വം ഈ സഭ പരിഗണിക്കുകയും അതിനു ശരിയായ ഒരു പരിഹാരം ഉടൻ ഉണ്ടാക്കേണ്ടതുമാണു്. നെയ്യാറ്റിൻകര കുടിയിറക്കിയ ജന്മി ഇവിടുത്തെ ഐ. ജി-യുടെ ഒരു ബന്ധു ആണെന്നു അറിയാൻ ഇടയായി. ഒരുപക്ഷേ ഇതു് ഐ. ജി. അറിയാതെ നടന്നിട്ടുള്ളതായിരിക്കാം. ഐ ജി.യെ പ്രത്യേകിച്ചു് പരിഗണിച്ചു് ഞാൻ പറയുകയല്ല, ഐ. ജി-യുമായി ബന്ധം ഉണ്ടെന്നുള്ള കാരണംകൊണ്ടു് കോർട്ടിലെ ആർഡറിന്റെ ബലത്തിലും പോലീസ് സഹായമാവശ്യപ്പെട്ടുകൊണ്ടു് കുടിയിറക്കു നടത്തുകയാണു് ചെയ്തതു്. എന്നാൽ ഐ. ജി-യോടു് ആ ആൾക്കു് അല്പമെങ്കിലും സ്നേഹമുണ്ടായിരുന്നെങ്കിൽ പോലീസ് സഹായം ആവശ്യപ്പെടാൻപാടില്ലായിരുന്നു.

MR. T. T. KESAVAN SASTRI : ആ കേസ്വി ശരിയാണോ തെറ്റാണോ എന്നു് ബഹുമാനപ്പെട്ട മെംബർ മനസ്സിലാക്കിയിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

Mr. T. A. MOIDEEN KUNJU: ഞാൻ വീണ്ടും അനേപ്ഷിച്ചതിൽ ശരിയാണ്. കോർട്ടിന്റെ ഉത്തരവുണ്ടെങ്കിൽ ആരുടേതാണെങ്കിലും വസ്തു ഒഴിപ്പിക്കുകയെന്നുള്ളതാണ് നിയമം. അതിനുവേണ്ടി നിയമ പ്രകാരം ഇടപെടാൻ പോലീസിനധികാരവും ഉണ്ട്. എന്നിരുന്നാലും ആ ജന്മി ഐ. ജി-യുടെ ബന്ധുവാണെന്നറിയുന്നതു് വാസ്തവമാണെങ്കിൽ അങ്ങിനെയുള്ള ഒരു ഘട്ടത്തിൽ പോലീസ് സഹായം ആവശ്യപ്പെട്ടതു് ഐ. ജി-യുടെ നാമത്തിനു കളങ്കം വരുത്തുകയായിരുന്നുവെന്നു പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെതന്നെ ആളുകൾക്കു് കേറിക്കിടക്കാൻ ഇടമില്ലാതെ ഇറക്കിവിട്ടാൽ അവർ എങ്ങോട്ടുപോകണമെന്നാണ് ജന്മിമാർ പറയുന്നതു്? അങ്ങിനെ ഇറക്കിവിട്ടാൽ അവരെ വിട്ടുപോകുമെന്നും ജന്മിമാർ മനസ്സിലാക്കരുതു്. അങ്ങിനെ മനസ്സിലാക്കിയാൽ അവർ ഭയങ്കരമായ പ്രശ്നങ്ങളായിരിക്കും അഭിമുഖീകരിക്കുന്നതു്. കിടക്കാൻ സ്ഥലമില്ലാത്തവർ ഒന്നുചേർന്നു് ഉണ്ടാക്കാനിടയുള്ള സമരത്തേയോ അവരുടെ ആവശ്യത്തിനുവേണ്ടി ചെയ്യുന്ന സംഘടിതശ്രമത്തേയോ ചെറുക്കാൻ ഒരുപക്ഷേ ഗവണ്മെന്റിനുതന്നെയും സാധിക്കാതെവരും. ൧൯൪൬-ൽ നടന്ന പുന്നപ്ര വയലാർ സമരം തന്നെ കുടിയിറക്കിൽനിന്നാണ് ഉൽഭവിച്ചിട്ടുള്ളതെന്നു് മനസ്സിലാക്കാൻ ഇന്നു ധാരാളം തെളിവുകൾ ഉണ്ടു്. ഇത്ര ഗൗരവതരമായ ഈ പ്രശ്നത്തിനു് കാര്യമായ നിലയിൽ ഒരു പരിഹാരം കാണുന്നതിനു് സഭയുടെ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നു മാത്രം ആവശ്യപ്പെട്ടുകൊണ്ടു് ഈ പ്രമേയം സഭയുടെ പര്യാലോചനയ്ക്കായി ഞാൻ അവതരിപ്പിച്ചുകൊള്ളുന്നു.

MR. A. CHIDAMBARANATHA NADAR: സർ, நான் ஜனப்மைதின் குஞ்சு அவர்கள் கொண்டுவந்த அவசரப்பிரேரணையை ஆதரித்துப்பேச ஆசைப்படுகிறேன். போன பட்ஜெற்று கூட்டத்தில் அன்பர் ஸ்ரீதர் அவர்கள் தான் சொன்னார்கள் என்று நினைக்கிறேன்: ஒரு உடமஸ்தன் தன் நிலத்திலுள்ள ஒரு ஏழையைக் குடியிறக்க வேண்டுமென்று சொல்லி, அவன் மறுத்ததற்காக அவனை தலை கீழாக—அன்பர்களே, என்னையும், உங்களையும் போலுள்ள ஒரு ஏழை மனிதனை-ஒரு தென்னைமரத்தில் கட்டித் தொங்க விட்டார். அது அட்டூழகாரியம் என்று ஒரு அவசரப் பிரேரணையை இந்த சபையில் கொண்டு வந்தபோது அதை நாம் ஆதரிக்கவில்லை. ஆனால் இன்று இந்தப் பிரேரணையை ஆதரிப்பதற்காக ஒவ்வொரு மெம்பரும் சந்தோஷப்பட வேண்டிய நிலைமை ஏற்பட்டிருக்கிறது. ஜனத்தொகையை அனுசரித்து திருவாங்கூரில் 69 லக்ஷம் ஜனங்கள் வாழ்கிறார்கள். இதில் Majority, அதாவது, அதிகம் ஜனங்கள் அன்னியர்களுடைய பூமியில் வசித்துக்கொண்டு வருகிறார்கள். இதற்குக்காரணம் அவர்கள் தொழிலாளிகள். இன்னொரு காரணம் அவர்களுக்குத் தங்கயிடமில்லை. அப்படி

LIBRARY ARCHIVES Kerala Legislative Assembly

இந்த ஏழை ஜனங்கள் குடியிருக்கும் பூமி உடமஸ்தனுக்கு கோபம் வந்து விட்டால் இவர்களுடைய கதி அதோகதிதான். இந்த நில உடமஸ்தர்களுக்கு இந்த சமயந்தான் கோபம்வருமென்றில்லை. இரவு பன்னிரண்டு மணிக்கும் கோபம் வந்துவிடும். உடனே இந்த ஏழைமக்களை அவர்களது இடங்களிலிருந்து விரட்டிவிடுவார்கள். இங்கே ஒரு நண்பர் சொன்னது போல் கன்னியாகுமரி முதல் பறவூர்வரையில் இந்தக்குடியிறக்கு நடந்து கொண்டிருக்கின்றது. இதுவரை இதைப்பற்றி ஒரு அவசரப்பிரேரணையும் வரவில்லை. இன்று வந்ததைப்பற்றி சந்தோஷம்.

தலைவர் அவர்களே, நெய்யாற்றின்கரை தாலூகாவில் மருதூர் என்றயிடத்தில் இந்தக் குடியிறக்கு நடந்திருக்கிறது. நெய்யாற்றின் கரை முனிசிப்புக்கோர்ட்டிலிருந்து ஒரு உத்திரவு கொடுக்கப்பட்டது. ஆறு வீட்டுக்காரர்களைத்தான் குடியிறக்க உத்திரவு. அந்த ஆர்டரைப் பெற்றுக்கொண்டு ஆமீன் இந்த யிடத்திற்கு வந்தபோது, இந்த ஆறு வீட்டுக்காரர்களும் தடுத்தார்கள். அதாவது அவர்கள் அந்தக் குடியிறக்கை சம்மதிக்கவில்லை. சம்மதிக்காததற்குக் காரணம், இந்த மாதம், அதாவது 1-7-124-ல் இங்கே வீற்றிருக்கும் பிரதான் மந்திரி கனம் டி. கே. நாராயணபிள்ளையவர்கள் கருங்குளம் என்றயிடத்தில் விஞ்ஞான அபிவிருத்தி கிரந்தசாலை அண்டு விழாக் கூட்டத்தில் தலைமை பீடத்திலிருந்துகொண்டு என்ன சொன்னார்கள் "குடியிறக்குபில் வரப்போகிறது. அது உங்களை ஆதரித்துத் தான் பாசாகப் போகிறது. நீங்கள் அதைரியப்படாமலிருங்கள்" என்று ஆதரவு அளித்தார்கள்.

ஆமீனுக்கு ஆறு வீட்டுக்காரர்களை இறக்க, முன்சீப்பு கோர்ட்டு ஆர்டர் அளித்தது. ஆனால், பன்னிரண்டு வீட்டுக்காரர்களை வெளியில் தள்ளக்காணமில்லை. இந்த ஆறு வீட்டுக்காரர்கள் வெளியில் போக மறுத்து விட்டார்கள் என்று ஆமீன் மூலம் கோர்ட்டு அறிந்தவுடன், கோர்ட்டே போலீசாருக்கு எழுதியோ அல்லது எழுதாமலோ போலீசாரும், ஆமீனும் சென்று பன்னீரண்டு வீடுகளில் குடியிருந்த மனுஷ்யர்களை வெளியேற்றி விட்டார்கள். இந்த நிலத்தின் உடமஸ்தர்கள் (1) வாசுதேவக் குருப்பு, (2) சந்திரசேகரன் நாயர். சந்திரசேகரன் நாயர் என்பவர் தீர்போதய ஐ. ஜியுடைய மருமகனின் பர்த்தா என்பதுதான் இந்தக் குடியிறக்குக்கும், போலீஸ் போவதற்கும் முதற் காரணம். இவர்கள், தங்களைப் போல, இவ்வேழைகளும் மனிதர்கள், சங்களைப்போல்கடவுளால்படைக்கப் பட்ட மனிதர்கள் என்பதை மறந்து, மிருகவேட்டை யாடி, பன்னீரண்டு வீட்டுக்காரர்களை வெளியில் இறக்கியிருக்கிறார்கள். பானையில் வைத்திருந்த சோற்றைக்கூட தெருவில் எறிந்திருக்கிறார்கள். மலையாளராஜ்யம் பேப்பரில் முத்தப்பன் என்ற ஒருவர் எழுதியிருக்கிறார் ஆறு அங்கங்கள் உள்ள ஒரு வீட்டில் ஒரு குழந்தை இருபது நாட்களாக ஜன்னிவாத ஜ்வரத்தில் வருந்திக் கொண்டிருக்கிறது. அன்பர்களே, மனிதனை மனிதனைப் பார்க்க வேண்டாமா? குடிசையில் இருக்கிறவர்கள் புலையர் இருக்கலாம். அவனும் கடவுளால் சிருஷ்டிக்கப்பட்டவன் என்ற காரணத்திற்காகவாவது பார்க்கவேண்டாமா? அந்த ஜன்னிவாதக் குழந்தையைக் கூட வெளியில் எறிந்து விட்டார்கள் என்றால் மனிதனைப் பிறந்த ஒருவனுக்கும் இந்தப் பரிதாபச் செயலை அடக்கிக்கொள்ள முடியாது.

LIBRARY ARCHIVES Kerala Legislative Assembly

[Mr. A. Chidambaranatha Nadar]

தென் திருவாங்கூரில் தேர்தல் நடக்கும்போது தமிழர்கள் தமிழர்களுக்கு வோட்டு செய்தார்கள் என்ற காரணத்திற்காக போலீஸ் உதவியால் நாயர்கள் தங்கள் பூமியிலிருந்த தமிழர்களின் வீடுகளை இடித்தும், கூரைகளை பிரித்தும், தீ மூட்டியும், அவர்களை அடித்தும், சுட்டும், இன்னும் பல விதத்திலும் ஹிம்சித்தார்கள் என்பதை பத்திரிகை வாயிலாக நீங்கள் படித்திருப்பீர்கள். இந்த சபையில் நான் சொல்ல விரும்புவது, எந்தக் காரணத்தை ஒட்டியும் போலீஸை நம்பக்கூடாதென்று. ஒரு தமிழ் புலவர் கூறியுள்ளார், சேலை கட்டிய மாதரை நம்பக்கூடாதென்று. அதே போல கர்க்கி உடை தரித்த போலீஸை நம்பாதீர்களென்று. அவன் எந்த ஜாதியைச் சேர்ந்தவனாலும் சரி, அன்று பட்டம் மந்திரிசபை அதிகாரத்திலிருந்தது. போலீசார் அவர்களை ஆதரித்தார்கள். ஆனால் இன்று இவர்களுக்கு விரோதமாக நடக்கவேண்டிய பிரயத்தனங்கள் நடந்துகொண்டிருக்கின்றன. இன்று ஸ்ரீமான் டி. கெ. நாராயணபிள்ளையவர்கள் இந்த மந்திரி சபையின் பிரதான மந்திரியாயிருக்கிறார்கள். போலீஸ் தம்மை ஆதரிக்கிறது என்று நினைக்கலாம். இது உண்மை தான். நாளை இவர்களுக்கு இந்தப் பதவி போனால் இதே ஐ. ஜி., டி. ஐ. ஜி., டி. எஸ். பி., இவர்களை ஆதரிப்பார்களா என்பதைப் பார்க்கலாம். அன்பர்களே, போலீஸ் உதவி வேண்டவே வேண்டாம். பாமர மக்களின் ஆதரவு வேண்டும். பாமரமக்களின் ஆதரவினால்லவா ஜவஹர்லால் நேருஜி இன்று இந்திய தலைவர் பீடத்தில் வீற்றிருக்கிறார்கள். இந்த சபையில், இங்கு வீற்றிருக்கும் பிரதான மந்திரி கனம் டி. கெ. நாராயணபிள்ளையவர்களிடம் இதைச் சொல்ல விரும்புகிறேன். நீங்கள் குடியிறக்கு பில் கொண்டு வருகிறீர்கள் என்பது நில உடமஸ்தர்களுக்கும், பாட்டக்காரர்களுக்கும் தெரியும். கொண்டு வந்துவிட்டால் இந்நாட்டில் எங்கெங்கெல்லாம், எப்படியெல்லாம் இந்த பில் வேலை செய்யும் என்பதைப் பார்த்து, அதை பரிசீலனை செய்யவேண்டும். அப்படிச் செய்யாவிட்டில் நாட்டில் சமாதானம் நிலவாது. நாட்டில் சமாதானத்தை நிலைநாட்ட வந்த போலீசார், சமாதானத்தையே குலைத்து விட்டார்கள். ஆறு வீட்டாரைக் குடியிறக்க உத்திரவு இருக்க பன்னிரண்டு வீட்டுக்காரர்களை குடியிறக்கி விட்டார்கள். இதை பரிசீலனை செய்யவேண்டும். நான் இந்தச் சபையில் சொல்லிக் கொள்வது, எந்தக் காரணத்தை ஒட்டியும் போலீஸ்காரர்களை நம்பாதீர்கள். இந்த பில்விற்காக பாமர மக்களின் ஆதரவைப் பெறுங்கள். புன்னப்புரை, வயலார் சம்பவங்களை மறந்துவிடக் கூடாது. ஆறு பேர்களை அரஸ்டு செய்திருக்கிறார்கள். இதில் ஒரு மாணவருமுண்டு. அவரை விடுதலை செய்து விட்டார்கள். வேறொருவர் குஞ்சுகிருஷ்ணன். இவன் ஒரு கம்யூனிஸ்டாம். இந்த கம்யூனிஸ்டுக்கு இவ்வளவு யிடம் கொடுத்தது யார்? அந்தப் போலீஸ்காரர்கள் தான். அனுவசியமாக இந்தக் காரியத்தில் போலீஸ் தலையிட்டதினால் தான் இந்தக் கம்யூனிஸ்டுகளும் வந்தார்கள். இந்த பாமர ஜனங்களை இந்தக் குழியிலிருந்து கைதூக்கி விடவேண்டுமென்று கேட்டுக் கொள்கிறேன்.

MR. T. V. DEVAN: സർ, ഞാൻ ഈ പ്രമേയത്തെ അനുകൂലിക്കുന്നതിനാണ് എഴുന്നേറ്റു നിൽക്കുന്നത്. ബഹുമാനപ്പെട്ട ഈ സഭയിൽ ഇതിനെ എതിർക്കാൻ ആരും കാണുകയില്ല എന്നാണ് എന്റെ വിശ്വാസം. ഇവിടെ നടക്കുന്ന അടിയന്തിരപ്രമേയത്തിന്

LIBRARY ARCHIVES Kerala Legislative Assembly

കാരണമായ സംഭവങ്ങൾ നടന്നതു് നെയ്യാറ്റിങ്കര, മരുതൂർ എന്ന സ്ഥലത്താണു്. അവിടെ പതിനേഴു കുടികളെ അവർ താമസിച്ചിരുന്ന സ്ഥലങ്ങളിൽനിന്നും ഇറക്കിവിട്ടിരിക്കുന്നു. അവർ തൊണ്ണൂറു സംവത്സരക്കാലമായി അവിടെ താമസിച്ചുവന്നിരുന്നവരാണു്. ആ വസ്തുക്കളിൽ അവർ താമസിച്ചു് അതു് ആദായമുള്ള വസ്തുവാക്കിയപ്പോൾ ഇന്നു് അവരെ ഇറക്കിവിടുന്നതിനായി അതിന്റെ ജന്മികൾ ശ്രമിക്കുകയും അതു സാധിക്കയുംചെയ്തു. ഇതിനു മുമ്പു് ആ സ്ഥലം ഒരു വലിയ ജന്മിയുടെ കൈവശമായിരുന്നു. അവർ ആ സ്ഥലത്തു് കയറി പ്രയത്നിച്ചില്ലായിരുന്നു എങ്കിൽ ആ സ്ഥലം മാത്രമേ അവിടെ കാണുമായിരുന്നുള്ളു. അവിടെ കാണുന്ന വൃക്ഷാദികൾ എല്ലാം തന്നെ അവിടെ താമസിച്ചിരുന്നവരും ഇപ്പോൾ കുടിയിറങ്ങിയവരുമായ പാവങ്ങൾ വച്ചുപിടിപ്പിച്ചിട്ടുള്ളവയാണു്. അതെങ്ങിനേയും ഇരുന്നുകൊള്ളട്ടെ. ഈമാതിരി അവരോടു പ്രവർത്തിച്ചതിനു് ദൈവം ആ ജന്മികളോടു ചോദിച്ചുകൊള്ളും. ആളോഹരിഭാഗം വന്നതിനുശേഷം ആ വസ്തുവിന്റെ ജന്മിമാർ ആറു കുടിക്കാർക്കു ഒറ്റിആധാരം എഴുതികൊടുക്കുകയും അതിൽ ആറു കുടിക്കാരും താമസിച്ചു് ഭോഗണ്ഡങ്ങൾനടത്തിവരുകയും ആയിരുന്നു. എന്നാൽ അവരുടെ കാലാവധി കഴിയുന്നതിനു മുമ്പാണു് ഈ ആറു കുടിക്കാരേയും ആമീനും പെൺമീനും ഒക്കെക്കൂടി വന്നു് അവിടെ നിന്നും ഇറക്കിവിട്ടതു്. ഈ ഒറ്റി ആധാരക്കാരെ അവിടെനിന്നും ഇറക്കിവിട്ടിട്ടില്ല. എന്നാൽ അവിടെ താമസിച്ചു് ഭോഗണ്ഡംചെയ്തു് വൃക്ഷാദികൾ വച്ചുപിടിപ്പിച്ച പാവപ്പെട്ട കുടികിടപ്പുകാരെയാണു് അവിടെനിന്നും ഇറക്കിവിട്ടിട്ടുള്ളതു്. അവർ ഇനിയും തിരിയെവന്നു് ഇപ്പോൾ അവിടെ താമസിപ്പിച്ചിരിക്കുന്നവരെക്കൂടി കുടിയിറക്കുന്നതാണു്. ഏതായാലും ഈമാതിരി കടുംകൈ ആരും ചെയ്യരുതു്. പാവപ്പെട്ടവരുടെ കുടി പൊളിച്ചിറക്കിയതിനു് ശേഷവും അവരെയാണു് പിന്നേയും കുറപ്പെടുത്തുന്നതു്. അവർ കമ്മ്യൂണിസ്റ്റുകളാണു്, അവർ അക്രമംപ്രവർത്തിച്ചു എന്നെല്ലാം. ഏകദേശം ൪൦൦ രൂപാ, ൧൦൦ രൂപാ, ൨൦൦ രൂപാ വിലവരുന്ന കെട്ടിടങ്ങളാണു് ഇപ്പോൾ പൊളിച്ചുമാറ്റിയിരിക്കുന്നതു്. ഏതായാലും ഇപ്പോഴും അവിടെ രണ്ടോ നാലോ കുടി പിന്നെയും വച്ചുകെട്ടീട്ടുണ്ടു്. പോലീസുകാരുടെ ആവശ്യം ഇനിയും അവിടെ ഉണ്ടായിവരാൻപോകുകയാണു് ചെയ്യുന്നതു്. അതുകൊണ്ടു് പോലീസുകാരും ഗവണ്മെൻറും ഈ പാവപ്പെട്ട കുടികിടപ്പുകാരെ ആ തരത്തിൽ അന്യായമായും അക്രമപരമായും ഇറക്കിവിടുന്നതിനു ശ്രമ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. V. Devan]

ക്കുകയാണെങ്കിൽ അവക്ക് ഗവണ്മെൻറിനോടുള്ള വിശ്വാസവും ഭയവും നഷ്ടപ്പെട്ടുപോകുമെന്നാണ് എൻെറ അഭിപ്രായം. എങ്ങിനെയെല്ലാമായിരുന്നാലും കാടുവെട്ടിയവൻെറ കൈവെട്ടരുത്. അതു പാപമാണ്; എന്നുമാത്രം മനസ്സിലാക്കിയാൽ മതി. അതു മനസ്സിലാക്കുകയാണെങ്കിൽ ഈ മാതിരി അക്രമങ്ങൾ ഒന്നും ഉണ്ടാവുകയില്ല. എങ്ങായാലും ഈമാതിരി അക്രമങ്ങളൊന്നും ഉണ്ടാകാതിരിക്കുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ നടപ്പിലാക്കാൻപോകുന്ന ബില്ലുകൊണ്ടുദ്ദേശിക്കുന്നതെന്നു് ഇവിടെ പറയുന്നതുകേട്ടു. അതിലും വലിയ ഗുണങ്ങൾ പാവപ്പെട്ടവക്ക് ഉണ്ടാകാൻപോകുന്നുണ്ടെന്നു് എനിക്കു തോന്നുന്നില്ല.

സർ, സാധാരണയായിട്ടു ധാരാളം വസ്തുക്കളുള്ള ജന്മിമാരോടു് അവരുടെ പറമ്പുകളിൽ കുടികെട്ടി കിടന്നുകൊള്ളട്ടെ എന്നു പാവങ്ങൾ ചെന്നുചോദിക്കുകയാണെങ്കിൽ, ഉടനെ സമ്മതിക്കുകയാണു് ചെയ്യുന്നതു്. എന്നെപ്പോലുള്ളവർപോലും ഈമാതിരി സാധുക്കൾക്കുവേണ്ടി കുടികെട്ടാൻ സ്ഥലങ്ങൾ കൊടുത്തിട്ടുണ്ടു്. ജീവകാരുണ്യത്തിൻെറ പേരിൽ, സാധുത്വത്തിൻെറപേരിൽ ഇങ്ങനെ സ്ഥലം കുടിയിരുത്തുകൊടുക്കുന്നതുകൊണ്ടു് വസ്തു ഉടമസ്ഥന്മാർക്കും ഗുണ്യമായ ഗുണങ്ങളുണ്ടു്. കാടും മുള്ളും പാറക്കെട്ടുകളുമുള്ള സ്ഥലങ്ങളിലായിരിക്കും ഇങ്ങനെ കൊടുക്കുന്നതിൽ മിക്കവയും. അതായതു് ഒരു പ്രകാരത്തിലും മനുഷ്യവാസയോഗ്യമല്ലാത്ത സ്ഥലങ്ങളായിരിക്കും അവ. ഇങ്ങനെയുള്ള സ്ഥലങ്ങളിൽ ഇവർ കുടിയിരുത്തുകൊണ്ടു് ആ സ്ഥലങ്ങളിലുള്ള കാടുവെട്ടുകയും, ചിറകൾ ഉണ്ടെങ്കിൽ അതു നികത്തുകയും മറ്റുമൊക്കെയായി, കൃഷിക്കു് ഉപയുക്തമാക്കിത്തീർക്കുകയും ചെയ്യും. കൂടാതെ ഈ വസ്തുക്കളിൽ അവർ അനുഭവമുള്ള വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുകയും അതിൽനിന്നും അനുഭവം എടുക്കുന്നതുവരെ അവൻ അതിനെ സ്വന്തമുണ്ണിയെപ്പോലെ സൂക്ഷിക്കുകയുംചെയ്യുന്നു. അങ്ങിനെയുള്ള നിരന്തര അദ്ധ്വാനത്തിൻെറ ഫലമായി ഉപയോഗശൂന്യമായി കിടന്ന സ്ഥലങ്ങൾ ഉപകാരപ്രദവും ആദായകരവുമാക്കിത്തീർക്കുന്നു. മുമ്പു ഒരു കാശുപോലും ആദായം കിട്ടാതിരുന്ന വസ്തുവിൽനിന്നും ഇവൻെറ ദേഹാദ്ധ്വാനത്തിൻെറ ഫലമായിട്ടു്, ആദായം ഉണ്ടാകുമ്പോൾ അവൻെറ കുടിലു തല്ലിപ്പൊളിച്ചു്, അവനേയും അവൻെറ കുഞ്ഞുകുട്ടികളേയും അവിടെനിന്നും ഇറക്കിവിടുന്നതു ഒരിക്കലും നീതികരിക്കത്തക്കതാണോ എന്നു ബഹുമാനപ്പെട്ട ഈ സഭയിലെ

LIBRARY ARCHIVES Kerala Legislative Assembly

മെംബർമാർതന്നെ ആലോചിച്ചുനോക്കേണ്ടതാണ്. വിശേഷിച്ചും ജനകീയഭരണം നിലവിലിരിക്കുന്ന ഈ രാജ്യത്തു് ഈ ഒരവസ്ഥക്കു് ഇടയാക്കരുതെന്നാണു് എന്റെ അപേക്ഷ. ഈ കാരണങ്ങളാൽ ഞാൻ പ്രമേയത്തോടു ഹാർദ്ദമായി അനുകൂലിക്കുന്നു.

MR. T. T. KESAVAN SASTRI : കാടുവെട്ടിയവന്റെ കൈവെട്ടരുതെന്നു പറഞ്ഞല്ലൊ, കാടുവെട്ടിയവനാണോ ഇപ്പോൾ അവിടെ താമസിക്കുന്നതു് ?

MR. T. V. DEVAN : അവനല്ലെങ്കിൽ അവന്റെ പിൻഗാമികളായിരിക്കും അവിടെ താമസിക്കുന്നതു്.

MR. G. CHANDRASEKHARA PILLAI (Deputy President): സർ, നെയ്യാറിൻകര താലൂക്കിനെ പ്രതിനിധീകരിക്കുന്ന ഒരു മെംബർ എന്ന നിലയിൽ മി. മൈതീൻകുഞ്ഞു അവതരിപ്പിച്ചിരിക്കുന്ന അടിയന്തിര പ്രമേയത്തെപ്പറ്റി ഒന്നരണ്ടു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നു ഞാൻ ആഗ്രഹിക്കുന്നു.

നെയ്യാറിൻകര മുൻസിഫ് കോടതിയിൽ ഫ ഫ സി. ര ം ര-ം ര ം ങ-ം നമ്പർ കേസുകളിലെ ഡിക്രിയിന്മേൽ ഉണ്ടായിട്ടുള്ള നടപടി നടത്തലിനെ സംബന്ധിച്ചാണു ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്.

വളരെ പാരമ്പര്യമുള്ള ഒരു നായർ തറവാട്ടിലെ വസ്തുക്കളാണു ഈ കേസിനു വിധേയമായി ഭവിച്ചിരിക്കുന്നതു്. ഫ ം ര ങ-ലെ ഒറ്റി ഒഴിപ്പിക്കാനുള്ള കേസുകളിലെ അപേക്ഷ, ഒറ്റിക്കുശേഷം ജന്മി തറവാടു ഭാഗം നടക്കുകയും ഒറ്റിവസ്തുക്കളിലെ ജന്മബാധ്യത ഊട്ടുകുറായി ഭാഗിക്കുകയും ചെയ്തു. അതനുസരിച്ചു വിവാദവസ്തുവിലെ ജന്മബാധ്യത പലരും വിലവാങ്ങിക്കുകയും ഏകദേശം അൻപതോളം വാദികൾ ചേർന്നു മേല്പറഞ്ഞ രണ്ടു കേസുകളും ഫയലാക്കുകയും ചെയ്തിട്ടുള്ളതാണു്. ഒറ്റിയത്തിനു ദേഹണ്ഡം ഉൾപ്പെടെ ങനഉ രൂപാ കോടതിയിൽ കെട്ടിവച്ചു വസ്തു ഒഴിപ്പിച്ചുകൊള്ളണമെന്നാണു വിധികളുടെ ചുരുക്കം. അതിൽ കെട്ടിടങ്ങളുടെ വില നു ം ം രൂപ ക്രമേ ഉൾപ്പെടുന്നുണ്ടു്.

ഈ വസ്തുവിന്റെ ഒറ്റിക്കാരിൽ ഒരാളാണു ഇതിൽ ഉൾപ്പെട്ടിട്ടുള്ള മി. കൃഷ്ണപിള്ള. ഫ ര കൂടിയാനവന്മാരും ഒറ്റിക്കാരുടെ കീഴുദ്യോഗക്കാരാണു്. പ്രതികളെല്ലാം കേസിൽ ദേഹണ്ഡത്തെപ്പറ്റി തർക്കിക്കുകയും ദേഹണ്ഡം തിട്ടപ്പെടുത്തി റിപ്പോർട്ടു സമർപ്പിക്കുകയും അതനുസരിച്ചു ദേഹണ്ഡസംഖ്യ തീരുമാനിക്കുകയും ചെയ്തിട്ടുള്ളതാണു്. അവിടെ ഉണ്ടായിരുന്ന കെട്ടിടങ്ങളുടെ വിലയുംകണ്ടിട്ടുണ്ടു്. വിധി അനുസരിച്ചു

LIBRARY ARCHIVES Kerala Legislative Assembly

[Mr. G. Chandrasekhara Pillai]

വാദികൾ വിധിനടത്താൻ അപേക്ഷിച്ചു. അങ്ങനെ ഇരിക്കുമ്പോൾ കുടിയിറക്കു നിരോധനബിൽ പരസ്യം ചെയ്തു. ഉടൻതന്നെ ഏതാനും പ്രതികൾ കേസ് രണ്ടാംവിചാരണയ്ക്കു എടുക്കാൻ അപേക്ഷിച്ചു, അതു തള്ളി, വിധിനടത്തിൽ വസ്തു ഒഴിപ്പിക്കുന്നതിന് ഇ-ടെ-വ-ലേക്ക് വിചാരണവച്ചു നോട്ടീസു പോയി.

ഇതിനിടയിൽ വാദികളും കുടികിടക്കുന്നവരുമായി സംഘർഷണം ചെയ്യുകയും പ്രതികൾ വാടകച്ചീട്ടുകളോ രേഖകളോ എഴുതിക്കൊടുത്തു വസ്തുവിൽ താമസക്കാരായി തുടർന്നുകൊള്ളാമെന്നു സമ്മതിക്കുകയും ചെയ്തു.

അങ്ങനെയിരിക്കെ കുറെ കമ്മ്യൂണിസ്റ്റുകൾ ഈ കുടികിടപ്പുകാരെ പറഞ്ഞു ഇളക്കുകയും വസ്തു ഒഴിപ്പിപ്പിനെ എങ്ങനെയെങ്കിലും തടയണമെന്നു പ്രേരിപ്പിക്കുകയും ചെയ്യുകയും അതിലേക്ക് ര-ാം-ൻ ഒരു ഘോഷയാത്രയും പൊതുയോഗവും നടത്താൻ ഏർപ്പാടുചെയ്യുകയുംചെയ്തു. കമ്മ്യൂണിസ്റ്റുകളിൽനിന്നും വസ്തു ഒഴിപ്പിപ്പു സംബന്ധിച്ചു ഉപദ്രവമുണ്ടാകുമെന്നു ഭയന്ന് വാദികൾ വസ്തു ഒഴിപ്പിപ്പിന് പോലീസു സഹായത്തിനു അപേക്ഷിക്കുകയും അതനുസരിച്ചു പോലീസുസഹായത്തിനു മുൻസിഫ്കോർട്ടിൽനിന്നും ഉത്തരവുകൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. കോടതിയിലെ ഉത്തരവു അനുസരിച്ചു പോലീസുകാർ സ്ഥലത്തു പോകാൻ കടമപ്പെട്ടവരും കോടതിയിലെ ഒഴിപ്പിപ്പു ഉത്തരവു നടത്തിക്കൊടുക്കാൻ നിർബ്ബന്ധിതരുമാണ്. പോലീസിനെ ഇക്കാര്യത്തിൽ കുറ്റംപറയാൻ ഒരു രീതിയിലും സാധ്യമല്ല.

പോലീസുകാരുമായി ആദ്യൻ വസ്തുവിൽ ചെന്നപ്പോൾ കമ്മ്യൂണിസ്റ്റുകൾ സംഘത്തോടെ വസ്തുഒഴിപ്പിക്കാൻ പാടില്ലെന്നും മറ്റും പറഞ്ഞു തടസ്സപ്പെടുത്തുകയും ലഹളയുണ്ടാക്കുകയും ചെയ്തു. അപ്പോൾ ചില കമ്മ്യൂണിസ്റ്റുകളെ അറസ്റ്റു ചെയ്തിട്ടുള്ളതാണ്. ഈ സംഭവം അറിഞ്ഞ ഉടനെതന്നെ ഞാൻ നെയ്യാറ്റിൻകരെ പോകുകയും സംഗതികൾ വളരെ സൂക്ഷ്മമായി അന്വേഷിക്കുകയും ചെയ്തു. മി. ചന്ദ്രശേഖരൻനായരെയും സ്ഥലവാസികളായ മറ്റു പൗരന്മാരെയും കണ്ടു സംസാരിക്കുകയുണ്ടായി. കുടിയാന്മാരെ വസ്തുവിൽനിന്നും ആട്ടിയോടിക്കണമെന്നുള്ള യാതൊരു വിചാരവും തനിക്കു ഇല്ലായിരുന്നുവെന്നും വസ്തു അളന്നു അതിരു തിരിച്ചാലുടൻ അവരെത്തന്നെ അവിടെ താമസി

LIBRARY ARCHIVES Kerala Legislative Assembly

പ്പിച്ചുകൊള്ളാമെന്നും ഇപ്പോഴത്തെ കമ്മ്യൂണിസ്റ്റുകാരുടെ പ്രേരണയുടെ വശപ്പെട്ടതുകൊണ്ടാണു ഇങ്ങനെ ഒരു സംഭവം ഇവിടെ ഉണ്ടായതെന്നും എന്നാൽതന്നെയും അവരോട് ഇനിയും സൗഹാർദ്ദമായി പെരുമാറാൻ തയാറാണെന്നും അവരെ ഒരു കാരണവശാലും കുടിയിറക്കി വിടുന്നതു് തനിക്കു ഇഷ്ടമില്ലെന്നും അതിനുവേണ്ട ഏതുതരത്തിലുള്ള ഉറപ്പും തരാൻ താൻ തയാറാണെന്നും വാദിക്കും തമ്മിൽ വസ്തു അതിരുതിരിച്ചു ഉടൻ ഭാഗം നടത്തുമെന്നും ഭാഗമായാൽ ഈ പ്രതികൾക്കു് കുടിവച്ചുകിടക്കാൻ സ്ഥലം കൊടുത്തുകൊള്ളാമെന്നും മറു വാദിക്കും അതിനു സമ്മതിച്ചില്ലെങ്കിൽ തന്റെ ഓരോരിവസ്തുവിലെങ്കിലും അവക്കു സ്ഥലം കൊടുത്തുകൊള്ളാമെന്നുമാണു് മി. ചന്ദ്രശേഖരൻനായർ എന്നോടു പറഞ്ഞതു്. ഇതിൽനിന്നും നാം മനസ്സിലാക്കേണ്ടതു ഈവിധ അനിഷ്ടസംഭവങ്ങൾ ഉണ്ടാകുന്നതു കമ്മ്യൂണിസ്റ്റുകാരുടെ പ്രേരണയും പ്രചരണവും കൊണ്ടാണെന്നാണു്. ഇതിൽ പോലീസുകാർ ഒരു കാരണവശാലും കുറ്റക്കാരല്ലെന്നാണു എന്റെ അന്വേഷണത്തിൽനിന്നും എനിക്കു അറിയാൻ കഴിഞ്ഞതു്. ഞാൻ സ്ഥാനത്തും അസ്ഥാനത്തും പോലീസുകാരെ താങ്ങുന്ന സ്വഭാവക്കാരനല്ല. അവർ തെറ്റുചെയ്താൽ തെറ്റാണെന്നു തന്നെ പറയും. ഇക്കാര്യത്തിൽ അവർ കോടതിയുടെ അജ്ഞാനസരണം സ്ഥലത്തുപോയി എന്നല്ലാതെ സ്വമേധയാ യാതൊരു പ്രവൃത്തിയും ചെയ്തിട്ടില്ല.

MR. T. A. MAIDEEN KUNJU : മി. ചന്ദ്രശേഖരൻനായർ ഇപ്പോഴത്തെ എ. ജി. യുടെ ഒരു ബന്ധുവല്ലേ?

MR. G. CHANDRASEKHARA PILLAI : ആയിരിക്കാം.

MR. T. A. MAIDEEN KUNJU : അറസ്റ്റുചെയ്യപ്പെട്ട ആളുകൾ എന്തു കുറ്റമാണു ചെയ്തിട്ടുള്ളതെന്നു പറയുമോ?

MR. G. CHANDRASEKHARA PILLAI : ആമ്യന്റെ ജോലി തടസ്സപ്പെടുത്തുകയും, ഭയപ്പെടുത്തുകയും മറ്റും ചെയ്തു.

MR. K. P. NEELAKANTA PILLAI : അതിനു വല്ല തെളിവുമുണ്ടോ?

MR. G. CHANDRASEKHARA PILLAI : റിക്കാഡു വല്ലതും ഉണ്ടോ എന്നു അന്വേഷിച്ചു പറയാം.

MR. T. A. MOIDEEN KUNJU : തെളിവൊന്നും കാണുന്നില്ലെങ്കിൽ അവരെ ലാക്കപ്പിൽ ഇട്ടു മർദ്ദിച്ചതു് ന്യായമാണോ?

LIBRARY ARCHIVES Kerala Legislative Assembly

MR. G. CHANDRASEKHARA PILLAI : അതിനെപ്പറ്റി എനിക്കറിവില്ല. ഏതായാലും അതൊരു പുതിയ കേസാണ്. മൈതീൻകുഞ്ഞു അടിയന്തിരപ്രമേയം അവതരിപ്പിച്ചു പ്രസംഗിച്ചപ്പോൾ പ്രതികളെ മർദ്ദിച്ചുകായ്യം പറഞ്ഞില്ല.

MR. S. KUTTAN : ഈ രണ്ടു കേസിലുമുള്ള വാദികൾ ഐ. ജി. യുടെ ബന്ധുക്കളാണോ?

MR. G. CHANDRASEKHAR PILLAI : ഞാൻ മുൻപു പറഞ്ഞയാൾ മാത്രമേ ഐ. ജി. യുടെ ബന്ധു ആയിട്ടുള്ളൂ എന്നാണ് എന്റെ അറിവ്.

MR. V. K. VARGHESE : ഈ സംഭവം നടക്കുന്ന അവസരത്തിൽ ഇൻസ്പെക്ടരെ ഒരാൾ തൊഴിച്ചു എന്നു പറയുന്നതു പരമാർത്ഥമാണോ?

MR. G. CHANDRASEKHARA PILLAI : അങ്ങിനെ ഞാൻ കേട്ടില്ല. ശരിയായിരുന്നേക്കാം.

MR. S. KUTTEN : അറസ്റ്റുചെയ്യപ്പെട്ടവരുടെ കൂട്ടത്തിൽ, സംഭവസ്ഥലത്തു താമസിക്കുന്നവർ ആരെങ്കിലുമുണ്ടോ?

MR. G. CHANDRASEKHARA PILLAI : സ്ഥലത്തുള്ളവർ ആരുമില്ലെന്നാണ് അറിവ്.

MR. S. KUTTEN : അറസ്റ്റു ചെയ്യപ്പെട്ട ആളുകൾക്കു അന്യായപ്പെട്ടികവസ്തുക്കളിൽ വല്ല സ്ഥാപിതതാല്പര്യവും ഉള്ളതായിട്ടറിയാമോ?

MR. G. CHANDRASEKHARA PILLAI : അങ്ങിനെ ഒന്നുമില്ല. സർ, പ്രമേയത്തിനു വിധേയമായ ഈ സംഭവത്തിൽ പോലീസുകാർ ഒരിക്കലും കുറ്റക്കാരല്ലെന്നു ഞാൻ ഒരിക്കൽക്കൂടി പറഞ്ഞുകൊള്ളുന്നു. ഞാൻ ഇത്രയും പറഞ്ഞതുകൊണ്ടു ഞാൻ പോലീസുകാർക്കുവേണ്ടി പറഞ്ഞുവെന്നോ, കുടിയിറക്കുപ്രശ്നത്തോടു എനിക്കു അനുകൂലമുണ്ടെന്നോ ബഹുമാനപ്പെട്ട മെമ്പറന്മാർ ധരിക്കരുതെന്നും എനിക്കു ഒരപേക്ഷയുണ്ട്.

MR. ABDU MAIEED : ശ്രീമാൻ മൈതീൻ കുഞ്ഞു അവർകളുടെ അടിയന്തിര പ്രമേയത്തെ അടിസ്ഥാനമാക്കി ചില കാര്യങ്ങൾ പറയണമെന്നു ഞാനാഗ്രഹിക്കുന്നു. ഈ കുടിയിറക്കു പ്രശ്നത്തെക്കുറിച്ചു കുറച്ചു സമയത്തിനു മുമ്പു ഈ സഭ ദീർഘമായി ചിന്തിക്കുകയുണ്ടായി. ഇന്നത്തെ പരിതഃസ്ഥിതിയിൽ, ഇന്നത്തെ നിയമങ്ങളുടെ തണലിൽ നിന്നുകൊണ്ടു കോടതിയേയോ പോലീസിനേയോ ആക്ഷേപിക്കാനാല്ല ഞാൻ മുതിരുന്നതു. ഈ നിയമങ്ങൾ നിലവിലിരിക്കുന്നിടത്തോളം കാലം ഈ മാതിരി സംഭവങ്ങൾ ഉണ്ടാകാതിരിക്കാൻ തരമില്ല. അതുകൊണ്ടു ഈ സഭ ഗാഢമായി ചിന്തിക്കേണ്ടതും ആദ്യമായി ചെയ്യേണ്ടതും ഇന്നത്തെ ഈ കരിപിടിച്ച നിയമങ്ങളെ മാറ്റുവാൻ എത്രയുംവേഗം ശ്രമിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. M. CHANDY: കരിപിടിച്ച നിയമങ്ങളെ മാറ്റാൻ വെള്ളത്ത മഷികൊണ്ട് എഴുതണമെന്നാണോ ഉദ്ദേശിക്കുന്നത്?

MR. ABDUL MAGID: എന്റെ പ്രസംഗം അവസാനിക്കുമ്പോൾ എന്റെ സ്നേഹിതന്റെ സംശയത്തിനു മറുപടി കിട്ടുമെന്നു ഞാൻ വിചാരിക്കുന്നു. ബില്ലിന്റെ ചർച്ച നടന്നുകൊണ്ടിരുന്നപ്പോൾ ശ്രീമാൻ മന്ദത്തു പത്മനാഭപിള്ള അവർകൾ പറയുകയുണ്ടായി ആ ബില്ല് നിയമത്തിന്റേയും നീതിയുടേയും നേർക്കുള്ള ഒരു വെല്ലുവിളിയാണെന്ന്. അദ്ദേഹത്തിന്റേയും ഈ സഭയുടേയും അറിവിനായി ഞാൻ പറയുന്നു ഇന്ന് നിലവിലിരിക്കുന്ന നിയമങ്ങൾ വളരെ ചുരുക്കം ആളുകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി വളരെ ചുരുക്കം ആളുകൾ ചേർന്ന് എഴുതിയുണ്ടാക്കിയിട്ടുള്ളവയാണെന്ന്. അതുകൊണ്ട് ഈ രാജ്യത്തെ ബഹുഭൂരിപക്ഷത്തിന്റെ ക്ഷേമത്തിനായി നാം ചിന്തിക്കുമ്പോൾ ഇന്നത്തെ നിയമങ്ങൾ മാറ്റിയിട്ട് സാമാന്യജനങ്ങളുടെ ആവശ്യങ്ങളേയും അധികാരങ്ങളേയും വകവച്ചുകൊടുക്കുന്ന പുരോഗമന പരങ്ങളായ നിയമങ്ങൾ ഉണ്ടാക്കേണ്ടതു് ആവശ്യമാണെന്നാണു് എനിക്കു പറയാനുള്ളതു്. സാധാരണക്കാരന്റെ ഭാഷയിൽ പറയുകയാണെങ്കിൽ ഇന്നത്തെ നിയമങ്ങളിൽ അധികവും കരികൊണ്ടു് എഴുതിയവയാണു്. അതായതു് ചുരുക്കം ചിലരുടെ ആവശ്യത്തിനുവേണ്ടി മാത്രം എഴുതിയിട്ടുള്ളതാണ്. ഈമാതിരി നിയമങ്ങൾ ഇൻഡ്യയിൽ അനുദിനമെന്നോണം മാറ്റപ്പെട്ടുകൊണ്ടിരിക്കുന്നു എന്ന സംഗതി ഈയവസരത്തിൽ ഈ സഭയെ അനുസ്മരിപ്പിക്കുവാൻ ഞാനാഗ്രഹിക്കുന്നു.

MR. PRESIDENT : മെമ്പർ അഡ്ജോൺമെന്റുമോഷനെ ആസ്പദമാക്കി ആയിരിക്കണം സംസാരിക്കുന്നതു്.

MR. ABDUL MAJEED: രാജാക്കന്മാരുടേയും ജന്മിമാരുടേയും കാര്യത്തിൽ സർദാർ വല്ലഭായി പട്ടേൽ ഈയിടെ പറഞ്ഞിട്ടുള്ളതെന്താണെന്ന് ഈ സഭയെ അനുസ്മരിപ്പിക്കുന്നതു പ്രയോജനപ്രദമായിരിക്കുമെന്നു ഞാൻ കരുതുന്നു. ജന്മിമാരും മുതലാളിമാരും അദ്ദേഹം പറഞ്ഞതെന്താണെന്നു മനസ്സിലാക്കി പ്രവർത്തിക്കുന്നതു് നന്നായിരിക്കുമെന്നു അവരെ അറിയിക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. നെയ്യാറ്റിൻകര നടന്ന സംഭവത്തെ ഏറ്റവും നിർഭാഗ്യകരമായ ഒന്നായിട്ടു മാത്രമെ ഞാൻ കാണുന്നുള്ളൂ. ഇതിനു് ഒരു പ്രതിവിധി ഉണ്ടാക്കേണ്ടതു് ആവശ്യമാണെന്നുള്ളതു തർക്കമറ്റ ഒരു സംഗതിയാണു്. ഇന്നു ഈ സഭയുടെ മുമ്പാകെ ഇരിക്കുന്ന ഇതിനെ സംബന്ധിക്കുന്ന ബില്ല് വളരെ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Abdul Majeed]

വേഗം അനുവദിച്ചുകൊടുത്തു അതിനെ നിയമമാക്കിത്തീർക്കുന്നതു് ഈ മാതിരി സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഏറ്റവും അത്യാവശ്യമാണു്. അല്ലാതെ ഇന്നത്തെ നിലയിൽ നിന്നുകൊണ്ടു പോലീസിനേയും കോടതിയേയും കുറ്റം പറയുന്നതുകൊണ്ടു സംഗതികൾ ഒരിഞ്ചുപോലും മുമ്പോട്ടു പോകുകയില്ലെന്നു ഓർമ്മിപ്പിച്ചുകൊണ്ടും ഈ ബില്ലും അടുത്തു തന്നെ വരാൻപോകുന്ന ബില്ലും ഈ സഭ ഒന്നടങ്കം അനുകൂലിച്ചു വോട്ടു ചെയ്തു പാസാക്കണമെന്നു അഭിപ്രായപ്പെട്ടുകൊണ്ടും ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

MR. A. P. UDAYABHANU: മി. മൈതീൻകുഞ്ഞിന്റെ ഈ അടിയന്തിരപ്രമേയം നെയ്യാറ്റിൻകര നടന്ന ഒരു സംഭവത്തെപ്പറ്റി പരാമർശിക്കുന്നതാണെങ്കിലും ഇവിടത്തെ ഭൂമി സംബന്ധിച്ചുള്ള പൊതുനയത്തെപ്പറ്റി പരാമർശിക്കാൻ ഉദ്ദേശിച്ചിട്ടുള്ളതാണെന്നാണ് എനിക്കു തോന്നുന്നതു്. ഒരു കുടിയിറക്കു നിരോധന ബിൽ ഇപ്പോൾ ഈ സഭയിൽ വന്നിരിക്കുകയാണു്. അതിനു അനുകൂലമായിട്ടല്ലാതെ പ്രതികൂലമായിട്ടു യാതൊരു അഭിപ്രായങ്ങളും ഉണ്ടായിട്ടില്ല. ഇതിനു ഒരു പ്രത്യേക സംഭവമെന്നതിൽ കവിഞ്ഞ പ്രാധാന്യം നൽകി പൊതുവായി ഇതിനൊരു പരിഹാരം ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണു്. ആ നിലയിൽ ഈ അടിയന്തിരപ്രമേയത്തിനു് പ്രധാനകാരണമെന്നു് ഉദ്ദേശിക്കുന്ന സംഗതികൾക്കു് പരിഹാരം ഉണ്ടായിക്കൊണ്ടിരിക്കുന്നു എന്നുള്ള വസ്തുത നാം ശ്രദ്ധിക്കേണ്ടതാണു്. ഈ അടിയന്തിരപ്രമേയത്തിനു മറുപടി പറയുന്ന അത്യന്തരസമാധാനത്തിന്റെ ചാർജ്ജ് വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ ഒന്നുരണ്ടു സംഗതികൾ കൊണ്ടുവരുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആ കാര്യങ്ങൾ കൂടി അദ്ദേഹം അവസാനമായി മറുപടി പറയുമെന്നുള്ള വിചാരത്തിലാണു് ഞാൻ ഇതു പറയുന്നതു്. പത്രങ്ങളിൽ കണ്ട ചില സംഗതികളും അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിക്കൊള്ളുന്നു. അദ്ദേഹത്തിന്റെ മറുപടിയിൽ അതു വിശദീകരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു. കഴിഞ്ഞ ഒരു ദിവസം അദ്ദേഹം കരിംകുളത്തുവച്ചു ചെയ്ത പ്രസംഗത്തിന്റെ റിപ്പോർട്ടു പത്രങ്ങളിൽ കാണുകയുണ്ടായി. ആ പ്രസംഗത്തെപ്പറ്റിയും അതിന്റെ പശ്ചാത്തലത്തെപ്പറ്റിയും ബഹുമാനപ്പെട്ട മന്ത്രി ഒന്നു വശദീകരിക്കുന്നതു നന്നായിരിക്കുമെന്നു ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. കഴിഞ്ഞ ഒരു ദിവസം മി. തേവനും ഈ പ്രസംഗത്തെപ്പറ്റി പറയുകണ്ടായി. അതുപോലെതന്നെ മി. ഡിഭംബരനാഥനാടാരും കുടിയിറക്കുന്നതിനു് പോലീസുകാർ സഹായ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന പോകരുതെന്ന് ഫ-ൈ-ഫ ഉ ർ-ൽ പ്രധാനമന്ത്രി പ്രസ്താവി ച്ചിട്ടുണ്ടെന്ന ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇന്നത്തെ കൗമുദിയിൽ ജ്യോതി' എന്നുള്ള പേരിൽ ഒരു ലേഖനം പ്രസിദ്ധീകരിച്ചിരിക്കുന്ന തായി കണ്ടു. അതിലും പോലീസുകാർ കൂടിയിറക്കു കേസുകളിൽ സഹായത്തിന പോകരുതെന്ന പ്രധാനമന്ത്രി പറഞ്ഞിട്ടുള്ളതായി കണ്ടു. അങ്ങിനെ ഉത്തരവു കൊടുത്തിട്ടുണ്ടെന്നുള്ള തരത്തിൽ മി. മൈതീൻ കുഞ്ഞു പ്രസംഗിക്കുന്നതും കേൾക്കുകയുണ്ടായി. ഈ റിപ്പോർട്ടുകൾ ശരിയാണോ എന്നും ശരിയാണെങ്കിൽ അവയുടെ പശ്ചാത്തലം എന്താ ണെന്നും ഒന്ന വിശദീകരിക്കണമെന്നുള്ള സംഗതിയിലേക്ക് ബഹുമാന പ്പെട്ട പ്രധാനമന്ത്രിയുടെ ശ്രദ്ധയെ ഞാൻ ആകർഷിച്ചുകൊള്ളുന്നു.

MR. S. KUTTEN : ശ്രീമാൻ മൈതീൻകുഞ്ഞ് അവർകളുടെ അടി യന്തിരപ്രമേയത്തെ എതിർത്തുകൊണ്ട് ഒരു പ്രസംഗം ചെയ്യണമെന്ന എനിക്കു ഉദ്ദേശമില്ല. അദ്ദേഹത്തിന്റെ അടിയന്തിരപ്രമേയത്തിന്റെ തത്വം ഞാനും അംഗീകരിക്കുന്നു. കൂടിയിറക്കു പ്രശ്നം ഒരു മഹാ പ്രശ്നമായി രൂപാന്തരപ്പെട്ട ഈ ബഹുമാനപ്പെട്ട സഭസ്സിന്റെ മുമ്പാകെ വന്നിരിക്കുന്ന ഈ സന്ദർഭത്തിൽ നിശ്ചയമായും അതിനെ അനുകൂലിക്കുകയല്ലാതെ അതിനെതിരായിട്ട് സംസാരിക്കാൻ ഒരു വ്യക്തിയെങ്കിലും ശ്രമിക്കുമോ എന്നുള്ളതു സംശയാസ്പദമായ ഒരു കാര്യമാണ്. എന്നെ സംബന്ധിച്ചാണെങ്കിൽ, ഇക്കൊല്ലംതന്നെ ഒന്നി ലധികം കൂടികാഴ്ച കെട്ടി താമസിക്കുന്നതിന് സൗകര്യം കൊടുത്തിട്ടുള്ള ഒരാളാണ് ഞാൻ. എന്നാൽ നെയ്യാറിൻകര നടന്ന സംഭവത്തിന്റെ സത്യാവസ്ഥ ഗവർമെൻറിനേയും ഈ സഭസ്സിലെ ബഹുമാനപ്പെട്ട മെമ്പറന്മാരേയും ധരിപ്പിക്കണമെന്ന മാത്രമെ ഞാൻ വിചാരിക്കുന്നുള്ളൂ. അവിടെ താമസക്കാരായ എല്ലാവരേയും എനിക്കു നേരിട്ടറിയാം. നെയ്യാറിൻകര കണിച്ചുകോട്ട എന്ന സ്ഥലത്തുള്ള കളത്തിന സമീപ ത്താണ് ഈ പട്ടികവസ്സക്കാർ സ്ഥിതിചെയ്യുന്നത്. അവിടെ ഫ ൈ കുടിപാർപ്പുകാർ ഉണ്ടായിരുന്ന എന്നുള്ളതു പരമാർത്ഥം തന്നെയാണ. അവർ വടക്കേക്കോട്ട കൃഷ്ണപിള്ള അവർകളുടെ കയ്യിൽനിന്നും വസ്തു വാങ്ങിച്ചിട്ടുള്ള ചിറൈാറിക്കാരും പാട്ടക്കാരും മറ്റുമാണ്. മുൻ കുറിക്കാരെ ഒഴിപ്പിക്കുന്നതിന ഒരു ഡാക്കു വിലയാധാരം വാങ്ങി ക്കൊണ്ടു പലയാളുകളും ഒരുമിച്ചുചേർന്ന് വാദികളായി രണ്ടു സിവിൽ കേസുകൾ നെയ്യാറ്റിൻകര പ്രിൻസപ്പൽ മുൻസിഫ കോടതിയിൽ കൊടുക്കുകയുണ്ടായി. ആ കേസിൽ എന്റെ ബഹുമന്യപ്പെട്ട മി. മി. ചന്ദ്രശേഖരപിള്ള പ്രസ്താവിച്ചതുപോലെ വളരെയധികം വാദികൾ

LIBRARY ARCHIVES Kerala Legislative Assembly

[Mr. S. Kutten]

ഉണ്ട്. ഈ വാദികളുടെ കൂട്ടത്തിൽ ഐ. ജി. അവർകളുടെ അകന്ന ഒരു ബന്ധുവായ അഡ്വക്കേറ്റ് മി. ചന്ദ്രശേഖരൻനായരും ഉണ്ട്.

MR. MANNAR GOPALAN NAIR : അതു കേസു മുഴുവനും ഞങ്ങൾ കേട്ടു കൊണ്ടിരിക്കണമെന്നാണോ ഉദ്ദേശിക്കുന്നതു് ?

MR. S. KUTTEN : ആ കേസിന്റെ ഒരു സംക്ഷിപ്തമായ ചരിത്രം ഈ സഭമുമ്പാകെ നൽകണമെന്നാണു് എന്റെ ഉദ്ദേശം. സംഗതികളുടെ സത്യാവസ്ഥ സഭയെ ധരിപ്പിക്കണമെന്നുള്ള സദുദ്ദേശത്തോടുകൂടിമാത്രമാണു് ഞാൻ അങ്ങിനെ ചെയ്യാമെന്നു വിചാരിക്കുന്നതു്. എന്നാൽ പ്രതികൾ ഓർഡർ ൻ, റൂൾ ഫൈ അനുസരിച്ചു് തന്റെ ഫയൽ അപേക്ഷ കൊടുക്കുകയും തിരുവനന്തപുരത്തു ജില്ലാക്കോടതിയിലും ഹൈക്കോടതിയിലും ആ സ്റ്റേപെറിഷൻ തള്ളുകയും ചെയ്തു. അതിനുശേഷം മുൻസിഫ് കോടതി വിധി നടത്താൻ അനുവദിക്കുകയും ഒറ്റി അർത്ഥവും ദേഹണ്ണവുംകോടതിയിൽ കെട്ടിവച്ചു വസ്തു ഒഴിപ്പിക്കുന്നതിനു് പ്രതികൾക്കു് നിയമാനുസരണം നോട്ടീസു നൽകുന്നതിനു് ഉത്തരവിടുകയും ചെയ്തു. നെയ്യാറിൻകര ടൗണിലെ സ്വദേശിയായ ആമ്മൻ സ്ഥലത്തുപോയി അന്വേഷിച്ചതിൽ പട്ടികവസ്തുക്കളിലെ താമസക്കാരായ ആളുകളിൽനിന്നും അധികം ശല്യങ്ങൾ ഉണ്ടാകുകയില്ലെന്നും എന്നാൽ ആ സ്ഥലത്തുനിന്നും കുറെ അകലെ താമസിക്കുന്നവരായ ചില കമ്മ്യൂണിസ്റ്റുകളിൽനിന്നും ഉപദ്രവം നേരിടാൻ ഇടയുണ്ടെന്നും ബോദ്ധ്യപ്പെട്ടതിന്റെ ഫലമായി മുൻസിഫിന്റെ മുമ്പാകെ റിപ്പോർട്ടു സമർപ്പിക്കുകയും നിയമം അനുസരിച്ചുള്ള വസ്തു ഒഴിപ്പിച്ചു നടത്തുന്നതിനു് തടസ്സം ഉണ്ടാകാതിരിക്കുന്നതിനു് പോലീസു് സഹായം ആവശ്യപ്പെടുകയുമാണു് ചെയ്തിട്ടുള്ളതു്. സ്ഥലത്തെ പോലീസ് ഇൻസ്പെക്ടരുടെയോ ഐ. ജി. യുടെയോ വക്കാലത്തു് എനിക്കില്ല. ഞാൻ പോലീസ് സ്റ്റേഷനിൽ പോകുന്ന ആളുമല്ല. നെയ്യാറിൻകര സ്റ്റേഷൻ ഇൻസ്പെക്ടർ ഒരു ചെറുപ്പക്കാരനാണെങ്കിലും വളരെ പ്രായമുള്ള ആളുകളെപ്പോലെ പാകതയുള്ള ഒരാളായതുകൊണ്ടു് അദ്ദേഹത്തിന്റെ ശ്രമഫലമായി കൂടുതൽ അനിഷ്ടസംഭവങ്ങൾ ഒന്നും ഉണ്ടാകാൻ ഇടയായില്ല എന്നു പ്രസ്താവിക്കാൻ ഞാൻ മടിക്കുന്നില്ല. ആ മൂന്നു പോലീസ് ഇൻസ്പെക്ടർമാരും സ്ഥലത്തു എത്തിയപ്പോൾ ഇങ്കുലാബ് സിന്ദാബാദ് വിളിച്ചുകൊണ്ടു കുറെയാളുകൾ അവിടെയെത്തി വസ്തു ഒഴിപ്പിപ്പാനെ തടസ്സപ്പെടുത്തുകയും കുഴപ്പങ്ങൾ ഉണ്ടാക്കാൻ ശ്രമിക്കുകയും അതിന്റെ ഫലമായി അ

LIBRARY ARCHIVES Kerala Legislative Assembly

വരിൽ ചിലരെ പോലീസ് ഇൻസ്പെക്ടർ അറസ്റ്റു ചെയ്തയും ചെയ്തു. അങ്ങിനെ കോടതിയുടെ ഉത്തരവു നടത്തുകയാണ് ഉണ്ടായിട്ടുള്ളത്.

MR: K. K. CHELLAPPAN PILLAI : മി. ചന്ദ്രശേഖരപിള്ള പറഞ്ഞ അ കേസിനെപ്പറ്റി തന്നെയാണോ ബഹുമാനപ്പെട്ട മെമ്പറും പറയുന്നത്.

MR. S. KUTTEN: അതെ, ആ കേസിനെപ്പറ്റിത്തന്നെ. അക്കൂട്ടത്തിൽ ഒരു വിദ്യാർത്ഥിയെക്കൂടി അറസ്റ്റു ചെയ്തിട്ടുണ്ടെന്നും പറഞ്ഞതു ശരിയാണ്. അതിനടുത്തുള്ള അഭിദോഷകനായ മി. ഫ്രെളച്ചറുടെ മകനാണ് ആ വിദ്യാർത്ഥി. വിവരം അറിഞ്ഞു മി. ഫ്രെളച്ചർ പോലീസ് സ്റ്റേഷനിൽ എത്തി മേലാൽ ഇങ്ങനെയൊന്നും തന്റെ മകനിൽ നിന്നും ഉണ്ടാകുകയില്ലെന്നു ഉറപ്പു കൊടുത്തതിന്റെ ഫലമായി ആ വിദ്യാർത്ഥിയെ വിട്ടയക്കുകയും ചെയ്തു. എന്നാൽ ഇവിടെ ഒരു ചോദ്യത്തിനവകാശമുണ്ട്. ആരെങ്കിലും ഈ സാധുക്കളായ കുടിപാർപ്പുകാരെ സംരക്ഷിക്കുന്നതിനായി ഇതിൽ ഇടപെട്ടിട്ടുണ്ടോ എന്നു ചോദിച്ചേക്കാം. നിശ്ചയമായും പല മാന്യന്മാരും ഇതിൽ ഇടപെട്ടിട്ടുണ്ട്. ഇതിലെ ഒരു കക്ഷിയായ അഡ്വക്കേറ്റ് മി. ചന്ദ്രശേഖരൻനായരുടെ ഫാദർ ഇൻ ലാ ഒരു സ്റ്റോറുകാൺഗ്രസ് പ്രവർത്തകനായ മി. വാസുദേവൻപിള്ള ആണ്. അദ്ദേഹം അതിൽ ഇടപെട്ടു മാരോ കുടുംബത്തിനും താമസിക്കുന്നതിന് നാലുസെൻറ് സ്ഥലം വീതം കൊടുക്കാമെന്നും മദ്ധ്യഭാഗത്തു സ്ഥിതിചെയ്യുന്ന കുടികൾ പൊളിച്ചു വസ്തുവിന്റെ ഒരറ്റത്തു കെട്ടിക്കൊള്ളണമെന്നും അങ്ങിനെ പൊളിച്ചു മാറ്റിക്കെട്ടുന്നതിന് ഓരോ കുടിക്കാർക്കും @ 0 രൂപാ വീതം കൊടുക്കാമെന്നും സമ്മതിച്ചു എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ വസ്തുവിന്റെ ഒരറ്റത്തു കെട്ടുന്നതിനുള്ള സൗകര്യം നഗരകാര്യമന്ത്രി അവർ ഇപ്പോഴും പറയുന്നുണ്ട്. എന്റെ സ്നേഹിതൻ മി. ചന്ദ്രശേഖരപിള്ള പറഞ്ഞതുപോലെ ഈ കുടിപാർപ്പുകാർക്ക് താമസിക്കാൻ സൗകര്യം കൊടുക്കരുതെന്ന് അവക്ക് യാതൊരു നിർബന്ധവുമില്ല. ഈ യവസരത്തിലും ആ പുരയിടങ്ങളുടെ അരുകിൽ കെട്ടിടങ്ങൾ കെട്ടുന്നതിന് അനുവാദം കൊടുക്കാൻ ജന്മിമാർ തയാറാണ്. ഈ സംഭവത്തിന്റെ യാഥാർത്ഥ്യങ്ങൾ ഇങ്ങനെയിരിക്കുമ്പോൾ അതിൽ കുറ്റക്കാർ ആരാണെന്ന് നാം ചിന്തിക്കേണ്ടതാണ്. അറസ്റ്റു ചെയ്യപ്പെട്ടവർ ആ സ്ഥലത്തു താമസിക്കുന്നവരല്ല. അവർ നാലഞ്ചു മൈലിൽ കൂടുതൽ അകലെയുള്ള മറ്റൊരു സ്ഥലത്തുനിന്നു വന്നവരാണെന്നു നാ

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകം ധരിക്കണം. ആമ്യൻ പട്ടിക വസ്തുക്കളിൽ കുടിപാർപ്പുകാർക്ക് എന്തെങ്കിലും നിയമാനുസൃത അവകാശം ഉണ്ടോ എന്നും ഉണ്ടെങ്കിൽ അതിന് ഹർജി എഴുതികൊടുത്താൽ വിവരം കോടതിയെ ധരിപ്പിക്കാമെന്നും പറകയുണ്ടായി. നിയമാനുസൃതമായ യാതൊരവകാശവും കുടിപാർപ്പുകാക്ക് ഇല്ലെന്ന് അറിഞ്ഞതിനുശേഷം വസ്തു ഒഴിപ്പിക്കാൻ ആമ്യൻ തുമിക്കവേയാണ് സ്ഥലവാസികളല്ലാത്ത മേൽപ്പറഞ്ഞ കമ്മ്യൂണിസ്റ്റുകാർ അവിടെയെത്തി കുഴപ്പം ഉണ്ടാക്കാൻ മുതിർന്നത്. കോടതിയുടെ അധികാരത്തേയും കോടതിയുടെ ഉത്തരവു നടപ്പിൽ വരുത്തുന്നതിന് സ്ഥലത്തെത്തിയ ആമ്യനേയും പോലീസ് ഇൻസ്പക്ടരേയും അവരുടെ ഔദ്യോഗികമായ ജോലികൾ നിർവഹിക്കുന്നതിന തടസ്സമുണ്ടാക്കാൻ ശ്രമിച്ചതിന്റെ ഫലമായിട്ടാണ് ഈ അറസ്റ്റും അതിനെതുടർന്നുള്ള സംഗതികളും ഉണ്ടായത്. ഈ കുടിപാർപ്പുകാരോടു സകലവിധത്തിലും ഈ അടിയന്തിര പ്രമേയാവതാരകനായ ശ്രീമാൻ മൈതീൻകുഞ്ഞു് അവർകളേക്കാൾ അത്യധികമായ സ്നേഹവും അനുകമ്പയുമുള്ള ഒരു വ്യക്തിയാണ് ഞാനെന്നു പറയാൻ എനിക്കു മടിയില്ല. അവരുടെ വിഷമാവസ്ഥയിൽ സഹായിക്കുന്നതിന് ഞാനും നിമിഷം താമസം അതിൽ ഇടപെട്ടുകൊണ്ടിരിക്കുകയാണ്. അതിന്റെ ജന്മിമാർ ഇന്നും എന്നോടു പറയുന്നതു് ഈ കുടിപാർപ്പുകാക്ക് കെട്ടിടം കെട്ടിതാമസിക്കാനുള്ള സ്ഥലം കൊടുക്കാൻ അവർ തയാറാണെന്നാണ്. ഇന്നലെവരെയും രാവിലേയും അവർ എന്നോടു ഇക്കാര്യം പറയുകയുണ്ടായി. ആ അടകുടിക്കാരെ മാത്രം ഒഴിപ്പിക്കാതിരിക്കാൻ കാരണം എന്താണെന്നു ചോദിച്ചേക്കാം. ആ ആ പേരും വാടക ചീട്ടു എഴുതികൊടുത്തിട്ടാണ് താമസിക്കുന്നത്. വാടക ഒന്നും കൊടുത്തില്ലെങ്കിലും ഒരു വാടകച്ചീട്ടു മാത്രം എഴുതിക്കൊടുത്തിട്ടു താമസിച്ചുകൊള്ളുന്നിന് എല്ലാവക്കും അനുവാദം കൊടുക്കാമെന്നു ജന്മിമാർ പറഞ്ഞിട്ടുണ്ട്. എന്തൊക്കെ പറഞ്ഞാലും സത്യം ഇതാണ്. അതു കൊണ്ടു് എനിക്കു പറയാനുള്ളതു് അടിയന്തിരപ്രമേയം അവതരിപ്പിച്ച എന്റെ ബഹുമാന്യ സ്നേഹിതൻ മി. കുഞ്ഞു ഈ പ്രത്യേക സംഭവത്തെ മാത്രം അടിസ്ഥാനപ്പെടുത്തിയല്ല ഇതു കൊണ്ടുവന്നിട്ടുള്ളതെങ്കിൽ അദ്ദേഹത്തിന്റെ പ്രവൃത്തി ശ്ലാഘനീയം തന്നെയാണെന്നാണ്. കുടിയിറക്കു കേസുകൾ ഇന്നു തിരുവിതാംകൂറിൽ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുകയാണെന്നു് നമുക്കേവക്കും അറിയാം. വളരെ ഗൗരവാവഹമായ ഈ പ്രശ്നം അതർഹിക്കുന്നവിധം അടിയന്തിരമായി ഗവണ്മെന്റിന്റെയും ഈ സഭയുടേയും ശ്രദ്ധക്ക് വിഷയീ

LIBRARY ARCHIVES Kerala Legislative Assembly

ഭേദിപ്പിക്കണമെന്നുള്ള ഉദ്ദേശമായിരിക്കാം, അദ്ദേഹത്തിനുള്ളത്. എന്റെ പല മാന്യസ്നേഹിതന്മാരും ഇവിടെ പ്രസ്താവിച്ചതു പോലെ ഇവിടെ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്ന കുടിയിറക്കു നിരോധന ബില്ലിനെ എത്രയും വേഗത്തിൽ അതിന്റെ നാലാംവായനയും കഴിച്ചു പുറത്തേക്കു തള്ളിവിട്ടാൽ ഹൈക്കോടതിയേയും മറ്റു കോടതികളേയും നിയന്ത്രിക്കുന്നതിനുള്ള അധികാരം അതുമൂലം സിദ്ധിക്കുന്നതാണ്. അതുപോലെതന്നെ ഞാൻ മനസ്സിലാക്കിയിരിക്കുന്നതു് സാധാരണ സ്വഭാവമുള്ള കേസുകളിൽ പോലീസു് ഇടപെടാൻ പാടില്ലെന്നാണു്. അതനുസരിച്ചു് പോലീസുകാർ പ്രവർത്തിക്കുമെന്നും പ്രവർത്തിക്കേണ്ടതാണെന്നും പ്രത്യേകം ഓർമ്മിക്കണം. ഇത്രയും പറഞ്ഞുകൊണ്ടു ഞാൻ അവസാനിപ്പിക്കുന്നു.

MR. P. S. MOHAMMED *Mavattupza I—Muslim*) : ഈ അടിയന്തിരപ്രമേയത്തെ പരാമർശിച്ചുകൊണ്ടു രണ്ടു വാക്കു പറിയുവാനാണ് ഞാൻ ആഗ്രഹിക്കുന്നതു്. ഇവിടെ നടന്ന പ്രസംഗങ്ങളിൽനിന്നും ഈ അടിയന്തിരപ്രമേയത്തിനു് വിഷയമായ കേസ്സിലെ ജന്മമാർ വളരെ മര്യാദക്കാരാണെന്നും വസ്തു ഒഴിപ്പിച്ചതു അധികാരമുള്ള ഒരു സിവിൽക്കോടതിയുടെ നിശ്ചയം അനുസരിച്ചാണെന്നും അവിടെ പോയിരുന്ന ഉദ്യോഗസ്ഥന്മാരെല്ലാം വളരെ മര്യാദയോടുകൂടി പെരുമാറിയെന്നും നിയമത്തിന്റെ ഉള്ളിൽനിന്നുകൊണ്ടുതന്നെ അവർ പ്രവർത്തിച്ചു എന്നുമാണ് എന്റെ സ്നേഹിതന്മാർ അഭിപ്രായപ്പെട്ടതെന്നാണ് ഞാൻ മനസ്സിലാക്കുന്നതു്. എനിക്കു് ഈ സംഗതികളെപ്പറ്റി നേരിട്ടു അറിയാൻ പാടില്ലാത്തതുകൊണ്ടു് എന്റെ സ്നേഹിതന്മാർ ഇവിടെ പറഞ്ഞതെല്ലാം സത്യമാണെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. ഏതായാലും ഇന്നിരിക്കുന്ന നിയമങ്ങളെ ആദരിച്ചാണ് ഈ പ്രവൃത്തി ചെയ്തിട്ടുള്ളതെങ്കിലും ഈ നിയമത്തെ അനുസരിച്ചു നിൽക്കാൻ നിവൃത്തിയില്ലാത്ത ഒരു വിഷമസ്ഥിതിയിലാണ് ഇന്നു് ഭൂരിപക്ഷം ജനങ്ങളും എത്തിച്ചേർന്നിട്ടുള്ളതു്. ഈ നിയമസഭയിൽതന്നെ ഈ നിയമങ്ങളെ ലംഘിച്ചുകൊണ്ടു മാറ്റരത്തിൽ പ്രവർത്തിക്കുന്നതിനു് സഹായകമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കാൻ ഒരുമ്പെടുകയും ചെയ്തു. ഇവിടത്തെ ഭൂരിപക്ഷം ആളുകളും അതിനു് അംഗീകരിക്കുകയും ചെയ്തു. അങ്ങിനെ നാം ആഗ്രഹിക്കുന്നതായ സംഗതികളെത്തന്നെയാണ് കുടിയിറക്കുന്നതിനെ എതിർക്കുന്നതിനു് ഈ കുടിപാർപ്പുകാരേയും പ്രേരിപ്പിച്ചിട്ടുള്ളതെന്നു് നാം മനസ്സിലാക്കണം. നിയമപ്രകാരമാണ് വസ്തു ഒഴിപ്പിച്ചിട്ടുള്ളതെന്നു് കാരണംകൊണ്ടു ഉദ്യോഗസ്ഥന്മാർ എങ്ങിനെ കുറ്റക്കാരല്ലാതിരിക്കുന്നുവോ അപ്രകാരംതന്നെ മറ്റൊരുതരത്തിൽ നോക്കിയാൽ കുടി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mohammed]

യിറക്കുന്നതിനെ തടസ്സപ്പെടുത്തിയവരും കുറക്കാരല്ലെന്നു വിചാരിക്കാം. കുടിയിറക്കലിനെ നിരോധിക്കുന്നതിന് ഒരു നിയമം ഈ സഭയിൽ പാസ്സാക്കാൻ പോകുന്നുവെന്നും അതു നിയമമായിത്തീരുന്നപക്ഷം അവരുടെ പാർപ്പിടങ്ങളും ഉപേക്ഷിച്ച് പോകേണ്ടിവരുകയില്ലെന്നുള്ള ഒരു വിചാരം കുടിയിറക്കലിനെ തടസ്സപ്പെടുത്തുന്നതിന് അവരെ പ്രേരിപ്പിച്ചിരിക്കാം. ആ നിലയിൽ അവരെ നിലവിലുള്ള നിയമങ്ങളെ അൽപ്പം ലംഘിച്ചു പ്രവർത്തിച്ചിട്ടുണ്ടെങ്കിൽത്തന്നെയും അവരെ അറസ്റ്റുചെയ്തു ജയിലിൽ അടക്കാതെ വാട്ടവിഴ്ചകളും കാണിക്കേണ്ടതാണ്. ഇപ്പോൾ സഭയിൽ അവതരിപ്പിച്ച പാസ്സാക്കുമെന്നു വിശ്വസിക്കപ്പെടുന്ന ബില്ലു പാസ്സായി നിയമമായാൽ അതനുസരിച്ചുള്ള പദ്ധതി ഈ രാജ്യത്തു് നടപ്പിലാക്കുമെന്നുള്ള പ്രതീക്ഷയോടുകൂടിയും അങ്ങിനെ നടപ്പിലാക്കണമെന്നുള്ള ആഗ്രഹത്തോടുകൂടിയും പ്രവർത്തിച്ചിട്ടുള്ള പ്രതികളെ ശിക്ഷണനടപടികൾക്കു വിധേയരാക്കാതിരിക്കാൻ ദയവുണ്ടാകണമെന്നപേക്ഷിക്കുന്നു.

MR. MANNAR GOPALAN NAIR: I move for a closure.

MR. N. S. KOCHUKUNJU (*Changanachery IV—Paraya*): സർ, ഈ അടിയന്തിരപ്രമേയത്തിനു വിഷയമായ കാരണങ്ങളെ സംബന്ധിച്ചു അല്പം സംസാരിക്കണമെന്നു് ഞാനും ആഗ്രഹിക്കുന്നു. എന്റെ മാന്യസുഹൃത്തു് ശ്രീമാൻ മൈതീൻകുഞ്ഞു അവർകൾ ഇവിടെ അവതരിപ്പിച്ച ഈ അടിയന്തിരപ്രമേയം..... .....

MR. MANNAR GOPALAN NAIR: ഒരു ക്ലോഷർമൂവു ചെയ്തതിനു ശേഷം പ്രസംഗിക്കാൻ അനുവദിക്കാവുന്നതാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT: It is left to the discretion of the President.

HON'BLE MR T. K. NARAYANA PILLAI: There is no closure motion for an adjournment motion. The discussion is to continue till 6 p. m.

MR. PRESIDENT: Even if it is not an adjournment motion if closure motion is moved, it is within the discretion of the President to allow it or not.

MR. N. S. KOCHUKUNJU: ഈ അടിയന്തിരപ്രമേയത്തിനു് കാരണമായ സംഗതികൾ കുടിയിറക്കു് മാത്രമല്ലെന്നു് ഇതിനുമുമ്പുള്ള ചില അനുഭവങ്ങൾവച്ചു നോക്കിയാൽ വ്യക്തമാകുന്നതാണു്. ഇവിടെ കഴിഞ്ഞ മീനമാസം ഒന്നാംതീയതി ഈ പ്രതിനിധിസഭ കുടിയിടിവസംബന്ധമായ കർഷകതൊഴിലാളികളെന്ന പേരിൽ പിന്നോക്കസമുദായത്തിൽപ്പെട്ടിട്ടുള്ള ഏതാനും വ്യക്തികൾ കലപ്പ, അരിവാൾ മുതലായ ആയുധങ്ങളോടുകൂടി ഈ അസംബ്ലിമന്ദിരത്തിന്റെ മുമ്പിൽ ഒരു പ്രതിഷേധപ്രകടനം നടത്തിയെന്നുള്ളതു് ഏവർക്കും അറിവുള്ള ഒരു സംഗതി

LIBRARY ARCHIVES Kerala Legislative Assembly

യാണ്. അവരുടെ പ്രവർത്തനം രഹസ്യമായും പരസ്യമായും ഇതിന്റെ സമീപസ്ഥലങ്ങളിൽ നടന്നുകൊണ്ടുവരുകയാണ്. കുറച്ചുകഴിഞ്ഞു് പെട്ട മങ്ങാട്ട പാലോട്ട എന്ന സ്ഥലത്തുള്ള ഒരു ചായക്കടയിൽ പ്രവേശനം അനുവദിക്കുന്നില്ലെന്ന കാരണംപറഞ്ഞു ഒരു ചായക്കട സത്യഗ്രഹം ആരംഭിച്ചിരുന്നു എന്നുള്ളതും ഇവിടെ എല്ലാവർക്കും അറിവുള്ള ഒരു സംഗതിയാണ്. എന്റെ സ്നേഹിതന്മാരിൽ ചിലരും ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി അവർകളുംകൂടി ഇടപെട്ടതിന്റെ ഫലമായി അതവസാനിച്ചു. അതിനുശേഷം, ഏതാനും വ്യക്തികളുടെ പ്രേരണയാൽ ബഹുമാനപ്പെട്ട പ്രധാനമന്ത്രി അവർകളുടെ വസതിയായ റാസ്ഹൗസിൽ വേറൊരു ജാഥാപ്രകടനം നടത്തുകയുണ്ടായി. ഇങ്ങനെ ഇന്നത്തെ പരിതഃസ്ഥിതികളിൽ ഏതാനും കമ്മ്യൂണിസ്റ്റുകാരുടെ വലയിൽപ്പെട്ട പിന്നോക്കസമുദായങ്ങളിലെ ചില വ്യക്തികൾ പ്രവർത്തനം നടത്തുന്നുണ്ടെന്നുള്ള സംഗതി എനിക്കും എന്നെപ്പോലെതന്നെ എന്റെ സ്നേഹിതന്മാരിൽ പലർക്കും അറിയാവുന്നതാണ്. എന്നാൽ നെയ്യാറ്റിൻകരയിലെ ഈ കുടിയിറക്ക് ശരിയാണെന്നോ തെറ്റാണെന്നോ പറയുന്നതിനു് മുമ്പായി എനിക്കു പറയാനുള്ളതു് അവിടെയുള്ള ഭൂമിഉടമസ്ഥന്മാരും ഭൂമിയില്ലാത്ത അടുകുടി താമസക്കാരും പരസ്പരം സ്നേഹത്തോടുകൂടി സൗഹാർദ്ദമായ ഒരു തീരുമാനത്തിൽ എത്തിച്ചേരുകയായിരുന്നു ചെയ്തതെന്നുവരുകിൽ ഈ രാജ്യത്തു് ഇത്രമാത്രം ഒച്ചപ്പാടു ഉണ്ടാകുമായിരുന്നില്ല എന്നാണു്. ഇതു രണ്ടുകൂട്ടരുടേയും കുറ്റമാണെന്നു ഞാൻ വിചാരിക്കുന്നില്ല. പരസ്പരം സ്നേഹത്തോടുകൂടി പെരുമാറാമെന്നുവച്ചാൽ അതിനു കമ്മ്യൂണിസ്റ്റുകാർ സമ്മതിക്കുകയില്ല. ന്യായമായ മാർഗ്ഗങ്ങളിൽക്കൂടി എന്തെങ്കിലും ചെയ്യാമെന്നു വിചാരിച്ചാൽ ഇതിനൊരു പോംവഴിയുണ്ടാകുകയില്ല. എന്തായാലും ഇന്നത്തെ പരിതഃസ്ഥിതികളിൽ ഈ തരത്തിൽ സംഭവിച്ചതിൽ ഞാൻ ഖേദിക്കുകമാത്രമെ ചെയ്യുന്നുള്ളൂ. അതുകൊണ്ടു് എനിക്കു് പറയാനുള്ളതു് തിരുവിതാംകൂറിലെ പിന്നോക്കസമുദായാംഗങ്ങൾ മറ്റു രാഷ്ട്രീയസംഘടനകളോടു സഹകരിച്ചു പ്രവർത്തിക്കുന്നതു് വളരെ സൂക്ഷിച്ചും നമ്മുടെ രാജ്യത്തെ പരിതഃസ്ഥിതികൾക്കു് അനുയോജ്യമായും വേണമെന്നാണു്. എന്റെ സ്നേഹിതന്മാരിൽ ഒന്നുരണ്ടുപേർ നെയ്യാറിൻകര താമസിക്കുന്നവരുമുണ്ടു്. അവർ ഈ കാര്യങ്ങളിൽ ഇടപെട്ടിട്ടുണ്ടു്. അവരോടു ഞാൻ അന്വേഷിച്ചതിൽ ന്യായമായ ഒരു തീരുമാനത്തിലെത്താൻ ഇരുകൂട്ടരും സന്നദ്ധരായിരുന്നുവെന്നു

LIBRARY ARCHIVES Kerala Legislative Assembly

[Mr N. S. Kochukunju]

വരുകിലും മറുള്ളവരുടെ പ്രേരണനിമിത്തം ഒരു ഒത്തുതീർപ്പുണ്ടാകാൻ കഴിയാതെ വന്നുവെന്നാണ് അറിയുന്നത്. പിന്നോക്കസമുദായാംഗങ്ങളുടെ ഈ മാതിരിയുള്ള ഉദ്ധാരണത്തിന് ഇതരസംഘടനകൾ ഇടപെടുന്നതു് ഗുണത്തേക്കാൾ ക്ലേശമായിരിക്കും ചെയ്യുന്നതെന്ന എന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

HON'BLE MR. T. K. NARAYANA PILLAI : എന്റെ സ്നേഹിതൻ ശ്രീമാൻ മൈതീൻകുഞ്ഞു അവർകൾ ഇവിടെ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിൽ അടങ്ങിയിരിക്കുന്ന തത്വം കുടിയിറക്കലിനെ നിരോധിക്കൽ എന്നുള്ളതാണെങ്കിൽ അതിനെ സംബന്ധിച്ചു് ഗവണ്മെന്റിനു യാതൊരു അഭിപ്രായവ്യത്യാസവുമില്ല. കുടിയിറക്കൽ നിരോധിക്കണമെന്നുള്ള അതിപ്രധാനമായ തത്വം ഗവണ്മെൻറുതന്നെ സ്വീകരിച്ചിട്ടുണ്ടു്. അതു നടപ്പിൽ വരുത്തുന്നതിനു് ആവശ്യമായ നിയമങ്ങളും ഗവണ്മെൻറിൽ നിന്നുതന്നെ ഇതിനകം ഉണ്ടാക്കിയിട്ടുണ്ടു്. ആ നിയമങ്ങൾ കഴിയുന്നതു വേഗത്തിൽ നിയമസഭയിൽ പാസ്സാക്കി കിട്ടണമെന്നാണ് ഗവണ്മെൻറിന്റെ ആഗ്രഹവും. ആ ഉദ്ദേശം സാധിതപ്രായമാക്കിത്തീർക്കുന്നതിനാണ് ഈ നിയമസഭയുടെ കാലാവധി തിങ്കളാഴ്ചത്തേക്കു പൊവ്വാഴ്ചത്തേക്കുംകൂടി നീട്ടിയിരിക്കുന്നതു്. തങ്കളാഴ്ചയെങ്കിലും അതിപ്രധാനമായ ഈ നിയമം സഭയുടെ ചർച്ചയ്ക്കു് വിഷയീഭവിപ്പിക്കണമെന്നാണ് ഉദ്ദേശിക്കുന്നതു്. സാധുജനസംരക്ഷണത്തിന്റെ പേരിൽ മുകലക്ഷങ്ങളുടെ ഉദ്ധാരണത്തിന്റെ പേരിൽ കണ്ണീരൊലിപ്പിക്കുന്നവരായ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങൾ ആ സമയത്തു് അവരുടെ അനുകമ്പ പ്രവൃത്തിമൂലവും വോട്ടുമൂലവും ലോകത്തെ മനസ്സിലാക്കിയാൽ മാത്രം മതിയാകുന്നതാണ്. കണ്ണീരൊലിപ്പിക്കുക എന്നുള്ളതു് വളരെ ക്ഷിപ്രസാദ്ധ്യമായ ഒരു കാര്യമാണ്. ഇതിനു വേണ്ടുന്ന നിയമനിർമ്മാണം ഗവണ്മെൻറിൽ നിന്നുംതന്നെ എറെടുത്തിരിക്കുന്ന ഈ അവസരത്തിൽ ഗവണ്മെൻറിന്റെ ഹസ്തങ്ങളെ സുശക്തമാക്കുന്നതിനു വേണ്ടിയുള്ള എല്ലാ സഹായസഹകരണങ്ങളും ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നും ഉണ്ടാകുമെന്നുതന്നെ ഞാൻ ന്യായമായി പ്രതീക്ഷിക്കുന്നു. സർ, ഇതു പൊതുവായ ഒരു തത്വത്തെപ്പറ്റിയാണ്. അതുകൊണ്ടു് ആദ്യമായി എനിക്കു പറയാനുള്ളതു് കുടിയിറക്കൽ നിരോധിക്കണമെന്നുള്ള തത്വം ഗവണ്മെൻറു സ്വീകരിക്കണമെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

ഈ അടിയന്തിരപ്രമേയംകൊണ്ട് ശ്രീമാൻ മൈതീൻകുഞ്ഞ് അവർകൾ ഉദ്ദേശിക്കുന്നതെങ്കിൽ ആ തത്വം ഗവണ്മെൻറ് ഇതിനകം സ്വീകരിച്ചിട്ടുണ്ടെന്നും, സ്വീകരിക്കുക മാത്രമല്ല ആ തത്വം നടപ്പിൽ വരുത്തുന്നതിന് ആവശ്യമായ നിയമനിർമ്മാണവും ഗവണ്മെൻറിൽ നിന്ന് ചെയ്തിട്ടുണ്ടെന്നും മാത്രമാണ്.

പിന്നീട് എനിക്ക് പറയാനുള്ളത് നെയ്യാറിൻകര നടന്ന സംഭവത്തെപ്പറ്റിയാണ്. നെയ്യാറിൻകര നടന്ന സംഭവത്തെപ്പറ്റി ഇന്നലെ ഞാൻ എൻെറ അറിവിൽപ്പെട്ട വിവരങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളുടെ ശ്രദ്ധയ്ക്ക് വിഷയീഭവിപ്പിച്ചിട്ടുണ്ട്. അതിലും കൂടുതലായി നെയ്യാറിൻകരയെ പ്രതിനിധീകരിക്കുന്ന ഈ സഭയിലെ ബഹുമാനപ്പെട്ട രണ്ടു മെമ്പറന്മാർ അതിനെപ്പറ്റി സഭാമദ്ധ്യത്തിൽ പ്രതിപാദിക്കുകയുണ്ടായി. അവർ പറഞ്ഞിട്ടുള്ള എല്ലാ വിവരങ്ങളും ശരിയാണെന്നു ഞാൻ പറഞ്ഞുകൊള്ളുന്നു. ഈ രണ്ടു കേസുകളിലുമായി 18 വാദികളാണുള്ളത്. രണ്ടു കേസുകളിലേയും വ്യവഹാരവിഷയവും മിക്കവാറും ഒന്നുതന്നെയാണ്. ഒറ്റി ഒഴിപ്പിക്കുന്നതിനുള്ള വ്യവഹാരത്തിനു ഒറിയർത്ഥം കെട്ടിവയ്ക്കുകയും മേൽസ്ഥവിധിയിൽ ഫൈനൽ ഡിക്രി കെട്ടിവയ്ക്കുകയും ചെയ്യുന്നപക്ഷം വാദികൾക്ക് വസ്തു നിരുപാധികമായി ഒഴിഞ്ഞു വിട്ടുകൊടുക്കണമെന്നായിരുന്നു ഡിക്രി. ആ ഡിക്രി നടത്തിയതിലാണ് ഈ തർക്കം ഉണ്ടായിട്ടുള്ളത്. ശ്രീമാൻ മൈതീൻകുഞ്ഞ് അവർകൾ പുറപ്പെടുവിച്ച മേൽവാദം ഡിക്രി പട്ടികയിൽ കൊള്ളിക്കാത്ത വസ്തുക്കൾപോലും ഒഴിപ്പിക്കുന്നതിനുള്ള ഒരു ശ്രമം ഉണ്ടായിരുന്നുവെന്നാണ്. ആയതു ശരിയല്ലെന്നാണ് എനിക്ക് അന്വേഷണത്തിൽ അറിയിക്കാനുള്ളത്. ആയതു സംബന്ധിച്ചുള്ള എല്ലാ രേഖകളും എൻെറ കൈവശമുണ്ട്. അതുകൊണ്ടു ഞാൻ പറയുന്ന എല്ലാ വിവരങ്ങളും പ്രമാണങ്ങളെ അടിസ്ഥാനമാക്കിയാണെന്നുള്ളതും ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്. ഇപ്പോൾ ഒഴിപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുള്ള വസ്തുക്കൾ ഫസ്റ്റ് സി ർ 0 ർ.ാം നമ്പർ ഡിക്രി ഏ പട്ടികയിൽ ന, ം, വ, ൻ എന്നീ നമ്പരുകളാണ്. ഈ നമ്പർ വസ്തുക്കളും ആ വസ്തുക്കളിൽ സ്ഥിതിചെയ്തിരുന്ന ഏതാനും കെട്ടിടങ്ങളും ഒഴിപ്പിക്കുന്നതിന് വാദിനടത്തുഫാറം ബോധിപ്പിക്കുകയും കോടതിയിൽനിന്നും ഓർഡർ അനുവദിക്കുകയും ചെയ്തിട്ടുള്ളതാണ്. അങ്ങനെ ഇരിക്കുമ്പോൾ ഈ നാലാം തീയതി ഒരു വലിയ പ്രക്ഷോഭണയോഗം കൂടണമെന്നു കാണിച്ചു കമ്മ്യൂണിസ്റ്റുകാരും മറ്റും ചേർന്ന് ഒരു നോട്ടീസ് അച്ചടിച്ചു പ്രച

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. T. K. Narayana Pillai]

രണംചെയ്യ. നോട്ടീസ് പ്രചരണം ചെയ്തതിന്റെ ശേഷം കോർട്ടിൽ നിന്നും ആ കോട്ടിലെ ഫ ഫ സി ര ര-ാംനമ്പർ ഡിക്രിപ്രകാരമുള്ള പട്ടിക വസ്തുക്കളും, ന ൻ-ലെ വ സി, വ ഏ. ബി, ന ര ൻ-ലെ ര-ാംനമ്പരിൽ വ ഏക്കറുള്ള വസ്തുക്കളും, കെട്ടിടങ്ങളും, പുരയിടങ്ങളും ഇവ ഈ മാസം ര-ാംന- ഒഴിപ്പിച്ചുകൊടുക്കുന്നതിനും, സമാധാന ലംഘനം ഉണ്ടാകാതിരിക്കത്തക്കവിധം വേണ്ടതു ചെയ്യുന്നതിനും മറ്റു മായി ഒരു ലറർ പോലീസ് ഡിപ്പാർട്ടുമെന്റിലേക്കു എഴുതി അയച്ചു. ആ എഴുത്തിനെ അടിസ്ഥാനപ്പെടുത്തി പോലീസ്സ്റ്റേഷനിൽനിന്നും, ടി വസ്തുക്കൾ ഒഴിപ്പിച്ചു കെടുക്കുന്നതിനും, സമാധാനലംഘനം ഉണ്ടാകാതി രിക്കുന്നതിനും ആയി പോലീസുകാരെ അയച്ചു. അതിന്റെ നിയമ വശത്തെക്കുറിച്ചു എന്റെ സ്നേഹിതൻ പറഞ്ഞു. പോലീസ്സ് ഡിപ്പാർട്ട് മെന്റിൽ ഇങ്ങനെ ഒരു ഉത്തരവു കിട്ടുന്നപക്ഷം ന്യായാന്യായങ്ങളെ ചിന്തിക്കാതെ, അതിൽ എന്താവശ്യപ്പെട്ടിരിക്കുന്നുവോ അതനുസരിച്ചു പ്രവർത്തിക്കാൻ ആചാരപ്രകാരവും നിയമപ്രകാരവും പോലീസധികാരി കർ നിർബന്ധിതരാണ്. അതനുസരിച്ചാണ് പോലീസുകാർ സ്ഥലത്തു ചെല്ലുന്നതും. പോലീസുകാർ സ്ഥലത്തു ചെന്ന അവസരത്തിൽ കമ്മൂ ണിസ്റ്റുകാർ എന്നു എല്ലാവരും സമ്മതിക്കുന്ന ചിലരുടെ നേതൃത്വ ത്തിൽ ഒരു വലിയ ജനസംഘം അവിടെ കൂടിയിരിക്കുന്നതായി കണ്ടു. ജനസംഘം കൂടിയിരുന്നതുമാത്രമല്ല അവിടെ കോർട്ട സിൽബന്ധികളും വസ്തു ഒഴിപ്പിക്കുന്നതിനും കെട്ടിടം ഒഴിപ്പിക്കുന്നതിനും ശ്രമിച്ച അവസര ത്തിൽ, ജനക്കൂട്ടം-ഈ ജനക്കൂട്ടംതന്നെ അവിടെ താമസിച്ചിരുന്നവരല്ല. നേരെമറിച്ചു കമ്മൂണിസ്റ്റുകാരുടെ ആളുകളായിരുന്ന—അവരെ നേയും കോർട്ടസിൽബന്ധികളേയും അവരുടെ ന്യായമായ ഔദ്യോഗിക കൃത്യനിർവഹണത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിനും, അതിനെ വിഘ്നപ്പെടുത്തുന്നതിനും പല ശ്രമങ്ങളും ചെയ്തു. അങ്ങിനെ ശ്രമം ചെയ്തുകൊണ്ടിരിക്കുന്നതായി പോലീസുകാർക്കു ബോദ്ധ്യപ്പെട്ട അവസര ത്തിൽ അവരിൽ പ്രമാണികളെ അറസ്റ്റുചെയ്യുന്നതിനു പോലീസുകാർ നിർബന്ധിതരായി. അവരെ അറസ്റ്റു ചെയ്യപ്പെട്ടിട്ടുള്ളവർ വെറും രണ്ടുപേരാണെന്നും സഭയുടെ അറിവിനായി പ്രസ്താവിച്ചുകൊള്ളുന്നു. പീനൽകോഡ് ഫനുൻ, ഫ ര ഫ, ന ര ന, ന ന ന, ര ഫ ര, ഫ ഫ ഈ വകുപ്പുകളനുസരിച്ചാണ് അവരെ ചാർജ്ജു ചെയ്തിട്ടുള്ളത്. നിയമ വിരുദ്ധമായി സംഘം ചേർന്നവനു കഠിനത്തിനു പ്രേരിപ്പിക്കുക എന്നതു ശിക്ഷാനിയമപ്രകാരം ശിക്ഷാർഹമാണെന്നു ബഹുമാനപ്പെട്ട അംഗങ്ങളും

LIBRARY ARCHIVES Kerala Legislative Assembly

ക്കെല്ലാം അറിയാമെന്നു ഞാൻ വിചാരിക്കുന്നു. അങ്ങനെ അവരെ അറസ്റ്റ് ചെയ്തുകൊണ്ടു പോലീസുകാർവന്നു. ആ അവസരത്തിൽ തന്നെ കമ്മൂണിസ്റ്റ്കാരുടെ ആവശ്യപ്രകാരം അവിടെ സന്നിഹിതരായിരുന്ന ജനക്കൂട്ടത്തിൽ ഏതാനും പേർ പോലീസുവാനിൽ കല്ലെറിയുകയും, അവരെ ഉപദ്രവിക്കാൻ മുതിരുകയും ചെയ്തു. അതിന്റെ ഫലമായി പോലീസുവാനിന്റെ ചില്ലുകൾ പൊട്ടുകയും അതിലുണ്ടായിരുന്ന നെറിംഗ് തകരാറിലാകുകയും ചെയ്തു. എന്നാൽ അതിൽ കല്ലെറിഞ്ഞവരിൽ ഒരാളിനെ മാത്രമെ പിടിക്കാൻ സാധിച്ചുള്ളൂ. അങ്ങനെ പിടിച്ചതു് ഒരു വിദ്യാർത്ഥിയെയാണു്. അയാളെ അന്നു വൈകുന്നേരം തന്നെ നിരുപാധികം മോചിപ്പിക്കുകയും ചെയ്തു. ബാക്കിയുള്ളവരെ പിടിക്കുന്നതിനു ശ്രമിച്ചതിൽ സാധിച്ചില്ല. ഇതാണു് യഥാർത്ഥമായി അവിടെ നടന്ന സംഭവം. ഇതിൽ പോലീസുകാർ എന്തു കുറ്റമാണു് ചെയ്തിട്ടുള്ളതെന്നു് എത്ര ആലോചിച്ചിട്ടും എനിക്കു മനസ്സിലാക്കുവാൻ സാധിക്കുന്നില്ല. ഐ. ജി-യെപ്പറ്റി വ്യക്തിപരമായ ഒരാരോപണം ഉണ്ടായി. ഈ കേസിലെ അൻപത്തിനാലു വാദികളിൽ ഒരാൾ ഐ. ജി. യുടെ ഒരു ബന്ധുവാണെന്നുള്ളതാണു്. ആ ആരോപണത്തിന്റെ അടിസ്ഥാനം, ഐ. ജി. ഇപ്പറഞ്ഞ ആളിന്റെ ബന്ധുവാണെന്നുള്ളതു് വാദത്തിനു വേണ്ടി സമ്മതിക്കാമെങ്കിൽതന്നെയും ഒരു ഐ. ജി-യായിരിക്കുന്ന എന്ന കാരണത്താൽ അദ്ദേഹത്തിന്റെ ബന്ധുക്കൾക്കു് വസ്തു ഉടമ ഉണ്ടായിരിക്കരുതെന്നോ, വസ്തുത്തക്കത്തിൽ പോലീസുകാർ ഇടപെടരുതെന്നോ പറയുകയാണെങ്കിൽ തിരുവിതാംകൂർ രാജ്യത്തെ സേവിക്കാൻ ഇനി ഐ. ജി. മാർ ഉണ്ടാകുമോ എന്നു് സംശയമാണു്. ഐ. ജി. തന്റെ ഔദ്യോഗികനിലയിൽ ഈ സംഗതിയിൽ പ്രവേശിച്ചിട്ടുണ്ടെന്നു കേൾക്കുന്നതിൽ എന്തെങ്കിലും വാസ്തവമുണ്ടെന്നു പറയാൻ നിവൃത്തിയില്ല. അതായതു് ഇതു മാതിരിയുള്ള എഴുത്തുകൾ എന്തെങ്കിലും കോർട്ടിൽ നിന്നോ മറ്റോ വരുമ്പോൾ പോലീസുകാർക്കു് അതായതു് ആ സ്റ്റേഷനിലെ ഇൻസ്പെക്ടർ ഐ. ജി-യോടാലോചിക്കാതെ, മറ്റു് മേലധികാരികളോടു ചോദിക്കാതെ മുൻകൈയെടുത്തു പ്രവർത്തിക്കുന്നതിനു് അധികാരവും അവകാശവും ഉണ്ടു്. ആ സ്ഥിതിക്കു് ഐ. ജി-യുടെ പേർ ഈ സംഗതിയുമായി ഘടിപ്പിച്ചു് ഉപയോഗിക്കുന്നതായാൽ അതു് തീർച്ചയായും ഒരു ഔദാര്യക്കുറവിന്റെ പ്രത്യക്ഷലക്ഷണമാണെന്നു മാത്രമേ എന്റെ മിതമായ ഭാഷയിൽ പറയുവാൻ സാധിക്കയുള്ളൂ. പോലീസുകാർ ഈ സംഗതിയിൽ അക്രമമായോ അനീതിപരമായോ യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു എനിക്കു് ബോധ്യ

LIBRARY ARCHIVES Kerala Legislative Assembly

സമേതം പറയുവാൻ കഴിയും. ആ സ്ഥിതിക്ക് ഈ അടിയന്തിപ്രമേയത്തിനു വലുതായ അടിസ്ഥാനമില്ലെന്നാണ് എനിക്ക് പ്രമേയപ്രയോക്താവിനെ വളരെ വിനയപൂർവം അറിയിക്കുവാനുള്ളത്. എന്നെപ്പറ്റി ചില സംഗതികൾ ഇവിടെ പറഞ്ഞു. എന്റെ ബഹുമാന്യ സ്നേഹിതൻ മി. ഉദയഭാനു ചെയ്ത പ്രസംഗത്തിൽ, അതായത് പ്രമേയത്തെ അനുകൂലിച്ചു പ്രസംഗിക്കുന്നതിനു അദ്ദേഹം ചെയ്ത ശ്രമംതന്നെ എന്നിൽനിന്നും ഒരു വിശദീകരണം കിട്ടേണ്ടതു് ആവശ്യമാണെന്നു വിചാരിച്ചുകൊണ്ടായിരുന്നു എന്നാണ് എനിക്കു തോന്നുന്നതു്. അതിനു ഞാൻ അദ്ദേഹത്തോടു കടപ്പെട്ടവനാണ്. എന്റെ നിലയെ വിശദീകരിക്കുന്നതിനു് അദ്ദേഹത്തിനുള്ള ഔത്സുക്യം എനിക്ക് ധൈര്യവും ശക്തിയും തരുന്നുണ്ടു്. എന്നാൽ വ്യക്തിപരമായ ആ കാര്യത്തെപ്പറ്റി ദീർഘമായ ഒരു വിശദീകരണം നടത്തണമെന്നു ഞാൻ ആഗ്രഹിക്കുന്നില്ല. ഞാൻ ഒരു പ്രസംഗം ചെയ്തതു് ശരിയാണ്. ആ വാചകങ്ങളും ഇവിടെ ആവർത്തിക്കണമെന്നും ഉദ്ദേശിക്കുന്നില്ല. രാജ്യത്തിന്റെ നാനാഭാഗങ്ങളിലും ജന്മികൾ അടകുടിക്കാരെ ഒഴിപ്പിക്കുന്നതിനു് ഒരു ശ്രമം നടത്തിവരുന്നതായി അറിയുന്നുണ്ടു്. അതിൽ ജന്മികളെ പോലീസുകാർ സഹായിക്കുന്നതായി ചില ഭാഗങ്ങളിൽ നിന്നും പരാതികളും കേട്ടിയിട്ടുണ്ടു്. അങ്ങനെ പോലീസുകാരുടെ സ്വാധീനശക്തി ഉപയോഗിക്കരുതെന്നും, എന്നാൽ സമാധാനലംഘനം ഉണ്ടാകുമെന്നു ന്യായമായ ശങ്കയുണ്ടെങ്കിൽ മാത്രമേ ബലം പ്രയോഗിക്കാവൂ എന്നും ഞാൻ പറഞ്ഞതു് ശരിയാണ്. അതായതു് അടകുടിക്കാരും ജന്മികളും തമ്മിൽ മത്സരവും വഴക്കുകളും ഉണ്ടാകുന്നതിൽനിന്നും അവരെ പിൻതിരിപ്പിക്കുകയും അവർ തമ്മിലുള്ള സ്നേഹബന്ധം സുദൃഢമാക്കുകയും ചെയ്യേണ്ടതു് അത്യാവശ്യമാണ്. അടകുടിനിരോധിക്കുന്ന, അതായതു്, കുടിയിറക്കു് നിരോധിക്കുന്ന ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. ഇതറിഞ്ഞുകൊണ്ടു സ്വത്തുടമയുള്ള പല ജന്മികളും അവരുടെ സ്ഥലങ്ങളിൽനിന്നും കുടിയിറക്കു നിഷ്കരുണം നടത്തുന്നുണ്ടു്. അതു് നിർഭാഗ്യകരമായ ഒരു സംഗതിയാണെന്നു് ഞാൻ പറഞ്ഞു. ഒരു ചോദ്യം ചോദിച്ചു. അതിനുള്ള മറുപടി ഇതാണ്. അടകുടിക്കാരെ ഒഴിപ്പിക്കുന്നതിനു് ജന്മികൾ വരുമ്പോൾ അവർക്കു താമസിക്കുന്നതിനു് വേറെ സ്ഥലം കിട്ടാതെ വരുന്ന സന്ദർഭത്തിൽ അവർക്കു ന്യായമെന്നു തോന്നുന്ന പക്ഷം തൽക്കാലം സ്ഥലം ഒഴിഞ്ഞുകൊടുക്കാതിരിക്കുവാനുള്ള അവകാശം അവ

LIBRARY ARCHIVES Kerala Legislative Assembly

ക്കുണ്ട്. അടകുടിക്കാരനാണെങ്കിലും ആ ഭൂമിയിൽ വേലചെയ്തു ഉപ ജീവിക്കുന്നവരായതുകൊണ്ട് അവരെ പെട്ടെന്നുമാറിപ്പോകാൻ പറയുന്ന തിനുള്ള അവകാശം ജന്മികൾക്കില്ല. താമസം മാറിപ്പോകുന്നതിനു അട കുടിക്കാർ വിസമ്മതിക്കുകയാണെങ്കിൽ പോലീസുകാരുടെ സഹായത്തോ ടുകൂടി ബലാൽക്കാരേണ ഇറക്കിവിടുന്നതിനും അവർക്കു അവകാശമില്ല. അഥവാ അതിനു് അവർ ഒരുമ്പെടുകയാണെങ്കിൽ തന്നെ അതു് നിര സിച്ചുകൊണ്ടു് ആ സ്ഥലത്തു് കുറച്ചു ദിവസങ്ങൾകൂടി താമസിക്കുന്നതിനു അടകുടിക്കാർക്കു അവകാശമുണ്ടായിരിക്കുന്നതുമാണു്. അതുകൊണ്ടു് ഈ പ്രമേയം അവതരിപ്പിച്ച സ്നേഹിതനു പറയുവാനുള്ളതു് അദ്ദേഹം ഈ പ്രമേയത്തിന്റെ അടിസ്ഥാനതത്വം കുടിയിറക്കു് നിരോധനം എന്നുള്ള തത്വം ആസ്പദമാക്കിയാണു് കൊണ്ടുവന്നിരിക്കുന്നതെങ്കിൽ അതു് ഗവണ്മെൻറു് സ്വീകരിച്ചിട്ടുണ്ടെങ്കിലും, അതു് നടപ്പിൽ വരുത്തുന്നതിനു ആവശ്യമായ നടപടികൾ നിയമസഭയിൽ കൂടി വരേണ്ടിയിരിക്കുന്നതു കൊണ്ടു് സ്വല്പം കാലതാമസം വന്നേക്കാവുന്നതാണു്. കുടിയിറക്ക ലാണു് പ്രധാനവിഷയമെങ്കിൽ എനിക്കുള്ള സംഗതികൾ പറഞ്ഞു കഴിഞ്ഞു നിയമപ്രകാരം ബാദ്ധ്യസ്ഥരായ പോലീസുകാർ കോടതിയുടെ ഉത്തരവിൻപ്രകാരം കർത്തവ്യം നിർവഹിക്കുകയാണു് ചെയ്തിട്ടുള്ളതു്. ആ സ്ഥിതിക്കു് ഈ പ്രമേയം പിൻവലിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

MR. T. A. MOIDEEN KUNJU: ഞാൻ നേരത്തേ പറഞ്ഞ രണ്ടു കാര്യങ്ങൾക്കും ഉടനടി പരിഹാരം ഉണ്ടാക്കുവാൻ ആവശ്യമായ നടപടികൾ ഗവണ്മെൻറു് എടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് ഞാൻ ഈ അടിയന്തിരപ്രമേയം അവതരിപ്പിച്ചതു് എന്നാൽ പ്രധാനമന്ത്രിയുടെ മറുപടിയിൽ അതു സംബന്ധിച്ചുള്ള യാതൊരു ഉറപ്പും നൽകുവാൻ അദ്ദേഹത്തിനു കഴിഞ്ഞില്ല.

HON'BLE MR. T. K. NARAYANA PILLAI: ഈ രണ്ടു കാര്യങ്ങൾക്കും പരിഹാരമുണ്ടാക്കാമെന്നു ഉറപ്പു പറയുവാൻ ഗവണ്മെൻറിനു നിവൃത്തി യില്ല. ഒരു വ്യക്തിയുടെ കൈവശമിരിക്കുന്ന ഭൂമിയിൽ അന്യരെ പ്രവേ ശിപ്പിക്കുന്നതിനോ താമസിപ്പിക്കുന്നതിനോ ഗവണ്മെൻറിനു യാതൊരു അധികാരവും അവകാശവുമില്ലെന്നു മി. മൈതീൻകുഞ്ഞിനുതന്നെ അറി യാവുന്നതാണു്. അതുപോലെ ഇപ്പോൾ അറസ്റ്റുചെയ്ത ലാക്കപ്പു കളിൽ ഇരിക്കുന്ന ആളുകളുടെ പേരിലുള്ള കേസിന്റെ സ്വഭാവവും തെളിവിന്റെ കിടപ്പും അറിയാതെ അവരുടെ കാര്യത്തെപ്പറ്റിയും യാതൊന്നും പറയാൻ ഗവണ്മെൻറിനു നിവൃത്തിയില്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. T. A. MOIDEEN KUNJU : അവിടെ നടന്ന സംഭവങ്ങളെ കുറിച്ചാണു ഞാൻ ഇവിടെ അടിയന്തിരപ്രമേയം അവതരിപ്പിച്ചത്.

MR. PRESIDENT : ബഹുമാനപ്പെട്ട മെമ്പർ ഈ പ്രമേയം പ്രസ്സുചെയ്യണമോ എന്നു പറഞ്ഞാൽ കൊള്ളാം. ഇപ്പോൾ ഒരു പ്രസംഗം ചെയ്യാനുള്ള അവസരമല്ല.

MR. T. A. MOIDEEN KUNJU : ഗവണ്മെൻറ് ഇതിനു പരിഹാരമുണ്ടാക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ടു ഞാൻ എന്റെ പ്രമേയം പിൻവലിക്കുന്നു.

The House adjourned at 5-35 P. M. to meet again at 11 A. M. on Saturday the 19th February 1949.

V. KRISHNAMOORTHI AIYAR,
Secretary to the Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly